ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം



Vol. 64
No.: 6
JUNE 2021



www.ernakulamarchdiocese.org



ജൂൺ 13-ാം തീയതി

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിന്

എറണാകുളം-അങ്കമാലി അതിരൂപതയുടെ

തിരുനാൾ ആശംസകൾ !!!

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL
എറണാകുളം മിസ്സം
BULLETIN

# വിഷയസൂചിക

| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | അപ്പസ്തോലിക ലേഖനം - ഫ്രാൻസിസ് പാപ്പ |
| 14. | സർക്കുലർ: 4/2021 - കോവിഡ് - സേവനക്രമീകരണങ്ങൾ |
| 21. | സർക്കുലർ: 5/2021 - വിശ്വാസപരിശീലനം വർഷം 2021 - 2022 |
| 26. | സർക്കുലർ: 6/2021 - കോവിഡ് - സാമ്പത്തിക സഹായം |
| 28. | കെ.സി.ബി.സി. സർക്കുലർ - കോവിഡ് - പ്രതിരോധപ്രവർത്തനങ്ങൾ |
| 33. | യൗസേപ്പിതാവർഷം - വിചിന്തനങ്ങൾ (5) - കന്യാവ്രതക്കാരുടെ കാവൽക്കാരൻ |
| 36. | Engagements |
| 37. | കച്ചേരിക്കാര്യം |
| 39. | വാർത്തകളും വിശേഷങ്ങളും |
| 41. | ബ. വൈദികരുടെ വാർഷിക ധ്യാനം 2021 |
| 49. | നിര്യാതരായി |
| 50. | Department of Catechesis |
| 54. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 56. | Department of Family Apostolate |
| 57. | അതിരൂപതാ ഡയറി |

**Editor: Rev. Fr. Varghese Perumayan**

Volume : **64**
Issue No. : **6**
Month : **June 2021**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam,
Major Archbishop's House, Ernakulam,
P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings,
Lisie Hospital Road, Ernakulam,
Kochi 682018.
Published from Major Archbishop's House,
Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Thekkumthala Kochouseph, Koratty | 1879 | 1905 | 1-6-1942 |
| *Msgr. Manikanamparambil George , Udayamperoor* | *1924* | *1950* | *2-6-1994* |
| Fr. Vadakumchery Mathew, Manjapra | 1947 | 1973 | 4-6-1991 |
| Fr. Parakkal Cheriyan, Narakkal | 1905 | 1935 | 5-6-1989 |
| Fr. Vilangattil Joseph, Thripunithura | 1912 | 1943 | 5-6-1995 |
| Fr. Mullakery Kuruvila, Vaikom | 1899 | 1927 | 6-6-1987 |
| Fr. Vadakkumpadan Joseph, Koratty | 1928 | 1955 | 6-6-2016 |
| Fr. Perepadan Varghese, Meloor | 1886 | 1910 | 10-6-1970 |
| Fr. Kanat Jacob TOCD, Konthuruthy | 1826 | 1850 | 10-6-1885 |
| Fr. Puthenangady Cyriac, Vaikom | 1924 | 1951 | 11-6-1983 |
| *Mar Sebastian Mankuzhikary, Thannirmukom* | *1929* | *1955* | *11-6-1994* |
| Fr. Manavalan Kuriakose, Elavoor | 1941 | 1967 | 16-6-1973 |
| Fr. Chiramel Jose, Manjapra | 1952 | 1980 | 18-6-2019 |
| Fr. Palatty Gheevarghese, Karukutty | 1886 | 1915 | 19-6-1944 |
| Fr. Aeranat Jacob, Paloothara | 1929 | 1955 | 21-6-2013 |
| Fr. Palayoor Thomas, Chendamangalam | 1958 | 1986 | 21-6-2014 |
| Fr. Padayattil Augustine, Angamaly | 1936 | 1964 | 21-6-2017 |
| Fr. Kallarackal George, Parur South | 1928 | 1958 | 22-6-2011 |
| Fr. Chiramel Paul, Kadukutty | 1917 | 1949 | 24-6-1984 |
| Fr. Arackal Isaac, Vallakom | 1900 | 1933 | 25-6-1971 |
| Fr. Maniamkot John (Jr.), Chethikode | 1900 | 1930 | 26-6-1988 |

Ref: 3478 K-5/KCBC/OL/DS 14-05-2021

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ
### മോത്തു പ്രോപ്രിയോ ആയി പ്രസിദ്ധീകരിച്ച
### അപ്പസ്തോലിക ലേഖനം
# പുരാതന ശുശ്രൂഷ
# മതാധ്യാപക ശുശ്രൂഷയുടെ സ്ഥാപനം

1. സഭയിൽ പുരാതനകാലം മുതലേ നിലനിന്നു പോരുന്ന ഒന്നാണ് മതബോധന ശുശ്രൂഷ. അതിനു വ്യക്തമായ തെളിവുകൾ പുതിയനിയമ രേഖകളിൽത്തന്നെ കണ്ടെത്താനാവുമെന്ന് ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. മതബോധന ശുശ്രൂഷയെപ്പറ്റി കോറിന്തോസിലെ സഭയ്ക്കെഴുതുമ്പോൾ, പൗലോസ് അപ്പോസ്തലൻ “പ്രബോധകരെ” പ്പറ്റിയും പറയുന്നുണ്ട്. “ദൈവം സഭയിൽ ഒന്നാമത് അപ്പോസ്തലന്മാരെയും രണ്ടാമത് പ്രവാചകന്മാരെയും മൂന്നാമത് പ്രബോധകരെയും, തുടർന്ന് അത്ഭുതപ്രവർത്തകർ, രോഗശാന്തി നല്കുന്നവർ, സഹായകർ, ഭരണകർത്താക്കൾ, വിവിധഭാഷകളിൽ സംസാരിക്കുന്നവർ എന്നിവരെയും നിയമിച്ചിരിക്കുന്നു. എല്ലാവരും അപ്പോസ്തലരോ? എല്ലാവരും പ്രവാചകരോ? എല്ലാവരും പ്രബോധകരോ? എല്ലാവരും അത്ഭുതപ്രവർത്തകരോ? എല്ലാവർക്കും രോഗശാന്തിക്കുള്ള വരങ്ങളുണ്ടോ?എല്ലാവരും വിവിധഭാഷകളിൽ സംസാരിക്കുന്നുണ്ടോ? എല്ലാവരും വ്യാഖ്യാനിക്കുന്നുണ്ടോ? എന്നാൽ ഉത്കൃഷ്ട ദാനങ്ങൾക്കു വേണ്ടി തീക്ഷ്ണമായി അഭിലഷിക്കുവിൻ. ഉത്തമമായ മാർഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം” (1 കോറി 12:28-31).

വിശുദ്ധ ലൂക്കാ തന്റെ സുവിശേഷത്തിന്റെ പ്രാരംഭത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു. “അല്ലയോ, ശ്രേഷ്ഠനായ തെയോഫിലോസ്, എല്ലാ കാര്യങ്ങളും പ്രാരംഭം മുതൽക്കേ സൂക്ഷ്മമായി പരിശോധിച്ചതിനു ശേഷം എല്ലാം ക്രമമായി നിനക്കെഴുതുന്നത് ഉചിതമാണെന്ന് എനിക്കും തോന്നി. അത് നിന്നെ പഠിപ്പിച്ചിട്ടുള്ള വചനങ്ങളുടെ വിശ്വസ്തതയെക്കുറിച്ചു നിനക്കു ബോധ്യം വരാനാണ്” (ലൂക്കാ 1:34). ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവർക്കും ഉത്തമ ബോധ്യം നല്കാൻ താൻ എഴുതുന്ന നിർദേശങ്ങൾ പ്രയോജനകരമാകുമെന്ന് സുവിശേഷകന് നന്നായി അറിയാമെന്ന് തോന്നുന്നു. പൗലോസ് അപ്പോസ്തലൻ ഗലാത്ത്യരോടു

പറയുന്നു: " വചനം പഠിക്കുന്നവൻ തനിക്കുള്ള എല്ലാ വസ്തുക്കളുടെയും പങ്ക് തന്റെ അധ്യാപകനു നല്കണം" (ഗലാ 6:6). ഇത് കൂടുതൽ വ്യക്തമാക്കാൻ മറ്റൊരു വിവരണം കൂടി അപ്പോസ്തലൻ നല്കുന്നുണ്ട്; ആധികാരികമായ മതബോധനത്തിന്റെ ഫലപ്രദമായ അടയാളമായി കൂട്ടായ്മയിലുള്ള ജീവിതത്തെക്കുറിച്ച് അദ്ദേഹം കുറിക്കുന്നു.

2. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ അനുസരിക്കുകയും സഭയെ പടുത്തുയർത്താനായി തങ്ങളുടെ ജീവിതം സമർപ്പിക്കുകയും ചെയ്ത സ്ത്രീപുരുഷന്മാർ നടത്തിയ വിവിധതരത്തിലുള്ള ശുശ്രൂഷകളാണ് ക്രൈസ്തവസമൂഹത്തിന്റെ തുടക്കം മുതൽ ഉണ്ടായിരുന്നത്. ചില സമയങ്ങളിൽ,പരിശുദ്ധാത്മാവ് ജ്ഞാനസ്നാനം സ്വീകരിച്ചവരുടെമേൽ നിരന്തരമായി ചൊരിഞ്ഞ വരദാനങ്ങൾ (charism) ക്രൈസ്തവസമൂഹത്തിനു തന്നെ ദൃശ്യവും സ്പഷ്ടവുമായ അടിയന്തിര ശുശ്രൂഷയായി മാറുകയും അത് സമൂഹത്തിന് ഒഴിച്ചുകൂടാനാവാത്ത ശുശ്രൂഷ (diakonia) യായി അംഗീകരിക്കപ്പെടുകയും ചെയ്തു. ഇത് ആധികാരികമായി സാക്ഷ്യപ്പെടുത്തിക്കൊണ്ട് പൗലോസ് അപ്പോസ്തലൻ ഇപ്രകാരം പ്രസ്താവിക്കുന്നു: "ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും ആത്മാവ് ഒന്നുതന്നെ. ശുശ്രൂഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ. പ്രവൃത്തികളിൽ വൈവിധ്യം ഉണ്ടെങ്കിലും എല്ലാവർക്കും എല്ലാറ്റിലും പ്രചോദനം നല്കുന്ന ദൈവം ഒന്നുതന്നെ. ഓരോരുത്തരിലും ആത്മാവ് വെളിപ്പെടുത്തുന്നത് പൊതുനന്മയ്ക്കുവേണ്ടിയാണ്. ഒരേ ആത്മാവു തന്നെ ഒരാൾക്ക് വിവേകത്തിന്റെ വചനവും മറ്റൊരാൾക്ക് ജ്ഞാനത്തിന്റെ വചനവും നല്കുന്നു. ഒരേ ആത്മാവുതന്നെ ഒരുവനു വിശ്വാസവും വേറൊരുവന് രോഗശാന്തിക്കുള്ള വരവും നല്കുന്നു. ഒരുവന് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ശക്തിയും, മറ്റൊരുവനു പ്രവചിക്കാൻ വരവും, വേറൊരുവന് ആത്മാക്കളെ വിവേചിച്ചറിയാൻ കഴിവും വേറൊരുവനു ഭാഷാവരവും, വേറൊരുവന് വ്യാഖ്യാനത്തിനുള്ള വരവും, അതേ ആത്മാവുതന്നെ നല്കുന്നു. തന്റെ ഇച്ഛയ്ക്കൊത്ത് ഓരോരുത്തർക്കും പ്രത്യേക പ്രത്യേക ദാനങ്ങൾ നല്കുന്ന ഒരേ ആത്മാവിന്റെ തന്നെ പ്രവൃത്തിയാണ് ഇതെല്ലാം" (1 കോറി 12:4–11). പുതിയനിയമത്തിന്റെ വിശാലമായ കരിസ്മാറ്റിക് പാരമ്പര്യത്തിൽ, ജ്ഞാനസ്നാനം സ്വീകരിച്ച ചില വ്യക്തികൾ ജീവിതത്തിലെ വിവിധ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് സജീവവും സുസ്ഥിരവുമായ രൂപത്തിൽ അപ്പോസ്തലന്മാരുടെയും

സുവിശേഷപ്രഘോഷകരുടെയും പ്രബോധനങ്ങളെ പ്രായോഗികമാക്കിയതായി നമുക്കു കാണാനാവും (DV 8). സുവിശേഷവത്കരണ ദൗത്യനിർവഹണ മേഖലയിൽ വളരെയധികം സംഭാവനകൾ നല്കിയ ഇത്തരം വ്യക്തിപരമായ വരദാനങ്ങളുടെ സേവനത്തെ അംഗീകരിക്കാൻ സഭ ആഗ്രഹിച്ചു. സുവിശേഷപ്രചാരണ ദൗത്യത്തിൽ ഏർപ്പെട്ട ആദിമസഭയുടെ ജീവിതത്തിലേക്കുള്ള ഈ എത്തിനോട്ടം, കർത്താവിന്റെ വചനത്തോട് വിശ്വസ്തത പുലർത്തുന്നതിനുള്ള പുതിയ മാർഗങ്ങളെ വിലമതിക്കാനും അതുവഴി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാനും നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

3. കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളായി സുവിശേഷവത്കരണത്തിന്റെ ചരിത്രം മതാധ്യാപകരുടെ ദൗത്യത്തിന്റെ ഫലപ്രാപ്തിയെ വ്യക്തമായി കാണിച്ചുതരുന്നു. മെത്രാന്മാർ, പുരോഹിതർ, ഡീക്കന്മാർ, സന്ന്യസ്തരായ സ്ത്രീപുരുഷന്മാർ തുടങ്ങിയവർ തങ്ങളുടെ ജീവിതം മതബോധനത്തിനായി സമർപ്പിച്ചതുകൊണ്ട് മനുഷ്യ ജീവിതത്തിൽ വിശ്വാസം ഫലപ്രദമായ പിന്തുണയായിത്തീർന്നിട്ടുണ്ട്. അവരിൽ ചിലർ തങ്ങളുടെ സഹോദരീസഹോദരന്മാരോടു ചേർന്ന് അതേ വരദാനങ്ങൾ പങ്കുവയ്ക്കുകയും പൂർണമായും മതബോധനത്തിനായി സമർപ്പിച്ചുകൊണ്ടുള്ള ചില സന്ന്യാസസമൂഹങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

മതബോധന അധ്യാപനത്തിലൂടെ സുവിശേഷ പ്രഘോഷണരംഗത്ത് നേരിട്ടു പങ്കാളികളായ എണ്ണമറ്റ അല്മായരായ സ്ത്രീപുരുഷന്മാരെയും നമുക്കു മറക്കാനാവില്ല. ആഴമായ വിശ്വാസമുള്ളവരും വിശുദ്ധിയുടെ ആധികാരിക സാക്ഷികളും, ചില സന്ദർഭങ്ങളിൽ സഭകളുടെ സ്ഥാപകരും ഒടുവിൽ രക്തസാക്ഷികളായി മരിച്ചവരുമായ സ്ത്രീപുരുഷന്മാർ. ഇക്കാലത്തും, വിദഗ്ധരും സമർപ്പിതരുമായ പല മതാധ്യാപകരും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സമൂഹനേതാക്കളായി പ്രവർത്തിക്കുന്നവരാണ്. വിശ്വാസത്തിന്റെ വ്യാപനത്തിനും വളർച്ചയ്ക്കും വിലമതിക്കാനാവാത്തവിധമുള്ള ശുശ്രൂഷ അവർ നിർവഹിക്കുന്നു. സഭയുടെ പ്രേഷിതശുശ്രൂഷയെ ഗണ്യമായി ഉയർത്തുകയും അംഗീകരിക്കപ്പെടാൻ സഹായിക്കുകയും ചെയ്ത വാഴ്ത്തപ്പെട്ടവരും വിശുദ്ധരും രക്തസാക്ഷികളുമായ മതാധ്യാപകരുടെ ഒരു നീണ്ട നിരതന്നെയുണ്ട്. മതബോധനരംഗത്തു മാത്രമല്ല, ക്രൈസ്തവ ആധ്യാത്മികതയുടെ മുഴുവൻ ചരിത്രത്തിന്റെയും സമ്പന്നതയെ അവർ പ്രതിനിധാനം ചെയ്യുന്നു.

4. രണ്ടാം വത്തിക്കാൻ എക്യുമെനിക്കൽ സൂനഹദോസുമുതൽ സുവിശേഷവത്കരണ പ്രവർത്തനങ്ങളിലുള്ള അല്മായ പങ്കാളിത്തത്തിന്റെ പ്രാധാന്യത്തെ സഭ നവീനമാംവിധം വിലമതിക്കുന്നു. അല്മായ വിശ്വാസികൾ അവർക്കു ലഭിച്ചിട്ടുള്ള വരദാനങ്ങൾ വ്യത്യസ്തമേഖലകളിൽ പ്രകടമാക്കിക്കൊണ്ട് സഭാതരുവിന്റെയും ക്രൈസ്തവ സമൂഹത്തിന്റെയും വളർച്ചയിൽ നേരിട്ട് ഇടപഴകേണ്ടതിന്റെ ആവശ്യകത കൗൺസിൽ പിതാക്കന്മാർ ആവർത്തിച്ച് ഊന്നിപ്പറയുന്നു. "ഇതുപോലെതന്നെ, വിശ്വാസത്തിന്റെയും സഭയുടെയും വ്യാപനത്തിൽ പ്രേഷിത ചൈതന്യത്താൽ നിറഞ്ഞ്, വളരെയേറെ അധ്വാനംവഴി സവിശേഷവും അവശ്യാവശ്യകവുമായ സഹായം നല്കുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും ഒരു വ്യൂഹം, അതായത് മതാധ്യാപകർ ഉണ്ട്. ജനതകളുടെ ഇടയിലുള്ള പ്രേഷിത പ്രവർത്തനങ്ങൾക്ക് നാം അങ്ങേയറ്റം കടപ്പെട്ടിരിക്കുന്ന അവർ അഭിനന്ദനം അർഹിക്കുന്നുണ്ട്. വലിയ ഒരു ജനതയെ സുവിശേഷവത്കരിക്കാനും അവർക്ക് അജപാലന ശുശ്രൂഷ ചെയ്യാനും വൈദികർ ചുരുക്കമായിരിക്കുന്ന നമ്മുടെ ഇന്നത്തെക്കാലത്ത് മതാധ്യാപകരുടെ ജോലി വലിയ പ്രാധാന്യമർഹിക്കുന്നു" (AG 17). കൗൺസിലിന്റെ സുപ്രധാന പ്രബോധനങ്ങളോടൊപ്പം, മാർപാപ്പാമാരുടെ നിരന്തരമായ താല്പര്യവും, മെത്രാന്മാരുടെ സിനഡ്, എപ്പിസ്കോപ്പൽ കോൺഫറൻസുകൾ, വ്യക്തിഗത മെത്രാന്മാർ എന്നിവരെയും പരാമർശിക്കേണ്ടതുണ്ട്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC), മതബോധനം ഇന്ന് (CT) എന്ന അപ്പോസ്തോലിക പ്രബോധനം, ജനറൽ കാറ്റെക്കെറ്റിക്കൽ സയറക്ടറി (GCC) മതബോധനത്തിനായുള്ള ജനറൽ ഡയറക്ടറി (GDC) സമീപകാലത്തെ മതബോധന ഡയറക്ടറി (Directory for Catechesis) അതുപോലെതന്നെ നിരവധി ദേശീയ-പ്രാദേശിക, രൂപതാതല മതബോധനഗ്രന്ഥങ്ങൾ എന്നിവ വിശ്വാസികളുടെ വിദ്യാഭ്യാസത്തിനും തുടർപരിശീലനത്തിനും മുൻഗണന നല്കുന്ന മതബോധനത്തിന്റെ ഒരു കേന്ദ്രീകരണം സ്ഥിരീകരിച്ചിട്ടുണ്ട്.

5. മെത്രാൻ തന്റെ രൂപതയിലെ പ്രഥമ മതാധ്യാപകൻ എന്നതിലും, രൂപതയിലെ വൈദികർ മെത്രാന്റെ മതബോധന ശുശ്രൂഷയിലെ പങ്കാളികൾ എന്നതിലും തങ്ങളുടെ കുട്ടികളുടെ ക്രൈസ്തവ രൂപീകരണത്തിൽ മാതാപിതാക്കൾക്കുള്ള പങ്കിലും മുൻവിധികളില്ലാതെ തന്നെ, ജ്ഞാനസ്നാനം വഴി മതബോധന ശുശ്രൂഷയോടു സഹകരിച്ചു

പ്രവർത്തിക്കാൻ തങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു എന്നു കരുതുന്ന അല്മായരായ സ്ത്രീപുരുഷന്മാർക്ക് അംഗീകാരം നല്കണം. സമകാലിക ലോകത്ത് വർധിച്ചുവരുന്ന സുവിശേഷവത്കരണത്തിന്റെ ആവശ്യകതയും (സുവിശേഷത്തിന്റെ സന്തോഷം, 163–168) ആഗോളവത്കരിക്കപ്പെട്ട ഒരു സംസ്കാരത്തിന്റെ ഉദയവും (എല്ലാവരും സഹോദരർ 100,138) സംബന്ധിച്ച നമ്മുടെ അവബോധത്തിന്റെ ഫലമായാണ് അവരുടെ സാന്നിധ്യം ഇന്ന് കൂടുതൽ അടിയന്തിരാവശ്യമായി ഉയർന്നുവരുന്നത്. യുവജനങ്ങളുമായി ആത്മാർത്ഥമായ ഇടപെടൽ ഇതിന് ആവശ്യമുണ്ട്. സഭ ഏറ്റെടുത്തിട്ടുള്ള സുവിശേഷ പ്രഘോഷണത്തെ മിഷനറി പരിവർത്തനവുമായി പൊരുത്തപ്പെടാൻ പ്രാപ്തിയുള്ള സർഗാത്മക രീതിശാസ്ത്രങ്ങളുടെയും വിഭവങ്ങളുടെയും ആവശ്യകതയാണെങ്കിൽ ഒന്നും പറയാനുമില്ല. ഭൂതകാലത്തോടുള്ള വിശ്വസ്ഥതയും വർത്തമാനകാലത്തോടുള്ള ഉത്തരവാദിത്തവും ലോകത്ത് സഭയുടെ ദൗത്യം നിർവഹിക്കുന്നതിന് സഭയ്ക്ക് ആവശ്യമുള്ള വ്യവസ്ഥകളാണ്.

ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരുടെയും ഭാഗത്തുനിന്നുള്ള വ്യക്തിപരമായ ഉത്സാഹത്തെ ഉണർത്തിക്കൊണ്ടും സമൂഹത്തിൽ ഉചിതമായ പ്രേഷിതദൗത്യം നടത്താനുള്ള അവരുടെ വിളിയെക്കുറിച്ചുള്ള അവബോധം പുനരുജ്ജീവിപ്പിച്ചുകൊണ്ടും നിരന്തരം സന്നിഹിതനും ഫലം പുറപ്പെടുവിക്കുന്നവനുമായ ദൈവാത്മാവിന്റെ സ്വരത്തിന് കാതോർക്കേണ്ട ആവശ്യമുണ്ട് (cf. CIC can. 774/1; CCEO can. 617). ക്രിസ്തീയ വിശ്വാസത്തിന്റെ സൗന്ദര്യം, നന്മ, സത്യം എന്നിവ പരിചയപ്പെടാനും കണ്ടെത്താനും കാത്തിരിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരെയും ദൈവാത്മാവ് ഇന്നു വിളിക്കുന്നു. സമൂഹത്തിന്റെ പരിവർത്തനത്തിന് സംഭാവനകൾ നല്കാൻ കഴിവുള്ള അല്മായ ശുശ്രൂഷകരെ അംഗീകരിക്കുകയും അതുവഴി "സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ മേഖലകളിൽ ക്രൈസ്തവമൂല്യങ്ങളുടെ വർധിച്ച കടന്നുചെല്ലൽ" (സുവിശേഷത്തിന്റെ സന്തോഷം, 102) പ്രക്രിയയിൽ അവരെ പിന്തുണയ്ക്കുകയും ക്രൈസ്തവസമൂഹത്തെ സമ്പന്നമാക്കുകയും ചെയ്യേണ്ടത് അജപാലകരുടെ കടമയാണ്.

6. അല്മായ പ്രേഷിതത്വം സംശയലേശമെന്യേ 'മതേതര'മാണ്. അതിന് അല്മായർ "ഭൗതികവസ്തുക്കൾ കൈകാര്യം ചെയ്തുകൊണ്ടും ദൈവഹിതമനുസരിച്ച് ക്രമവത്കരിച്ചുകൊണ്ടും ദൈവരാജ്യം അന്വേഷിക്കേണ്ടത്" (LG 31) ആവശ്യമാണ്. കുടുംബവുമായും സാമൂഹികബന്ധ

ങ്ങളുമായും അവരുടെ ദൈനംദിന ജീവിതത്തിൽ ബന്ധപ്പെട്ടിരിക്കുന്നവരാണ് അല്മായർ. "സഭയ്ക്ക് അല്മായർവഴി മാത്രമേ ഭൂമിയുടെ ഉപ്പായിത്തീരാൻ കഴിയൂ എന്ന വിധത്തിൽ സ്ഥലങ്ങളിലും സാഹചര്യങ്ങളിലും സഭയെ സന്നിഹിതമാക്കുകയും യാഥാർത്ഥ്യവത്കരിക്കുകയും ചെയ്യാൻ അവർ പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നു" (LG 33) എന്ന ഒരു ബോധ്യമുണ്ട്. എന്നിരുന്നാലും, ഈ പ്രേഷിത ദൗത്യത്തിനു പുറമേ, "പൗലോസ് അപ്പോസ്തലനെ സഹായിച്ചിരുന്നവരും സുവിശേഷത്തിനായി കർത്താവിൽ വളരെയേറെ അധ്വാനിച്ചവരുമായ സ്ത്രീപുരുഷന്മാരെപ്പോലെ, അല്മായർ പല രീതിയിൽ ഹയരാർക്കിയുടെ പ്രേഷിതദൗത്യത്തിൽ കൂടുതൽ നേരിട്ടു സഹകരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു" (LG 33) എന്ന് നമ്മൾ ഓർമ്മിക്കേണ്ടതാണ്.

ക്രൈസ്തവസമൂഹത്തിലെ മറ്റ് സേവനങ്ങളിൽവച്ച് പ്രത്യേകമായൊരു സേവനമാണ് മതാധ്യാപകർ നിർവഹിക്കുന്നത്. കെരിഗ്മയുടെ പ്രാരംഭ പ്രഘോഷണം മുതൽ ക്രിസ്തുവിലുള്ള നമ്മുടെ പുതിയ ജീവിതം അവതരിപ്പിക്കുന്ന പ്രാരംഭ കൂദാശകൾക്കായുള്ള ഒരുക്കത്തിലും പിന്നീട് ഓരോ വ്യക്തിയുടെയും ഉള്ളിലുള്ള പ്രത്യാശയുടെ വർധനവിനുള്ള തുടർപരിശീലനത്തിനുമായുള്ള വ്യത്യസ്ത ഘട്ടങ്ങളിലൂടെയെല്ലാം വിശ്വാസം കൈമാറുന്ന അജപാലന ശുശ്രൂഷയിൽ വൈദഗ്ധ്യമുള്ളവരാകാൻ മതാധ്യാപകർ പ്രഥമത വിളിക്കപ്പെട്ടിരിക്കുന്നു (cf 1 പത്രോ 3:15). അതേ സമയംതന്നെ, ഓരോ മതാധ്യാപകനും വിശ്വാസത്തിന്റെ സാക്ഷിയും ഗുരുവും, ദൈവികരഹസ്യങ്ങളിൽ ജ്ഞാനമുള്ളവനും (mystagogue) സുഹൃത്തും സഭയ്ക്കുവേണ്ടി പഠിപ്പിക്കുന്ന പരിശീലകനും (pedagogue) ആയിരിക്കണം. പ്രാർത്ഥന, പഠനം, സമൂഹജീവിതത്തിൽ നേരിട്ടുള്ള പങ്കാളിത്തം എന്നിവയിലൂടെ മാത്രമേ അവർക്ക് ഈ സ്വത്വത്തിലും അതുൾക്കൊള്ളുന്ന സമഗ്രതയിലും ഉത്തരവാദിത്തത്തിലും വളരാൻ കഴിയൂ (മതബോധന ഡയറക്ടറി, 113).

7. ഇന്നത്തെ മാറിയ ചരിത്ര സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതാക്കുക തിരുവചനപാരായണം (lector), അൾത്താര ശുശ്രൂഷ (acolyte) എന്നീ ശുശ്രൂഷകൾ. മാത്രമല്ല, മതബോധനം ഉൾപ്പെടെയുള്ള ശുശ്രൂഷകളെ പിന്തുണയ്ക്കുന്നതിന് മെത്രാൻ സമിതികളെ (episcopal conferences) പ്രോത്സാഹിപ്പിക്കുന്നതിനു കൂടിയാണ് ദീർഘവീക്ഷണത്തോടെ പോൾ ആറാമൻ പാപ്പാ മിനിസേതരിയ ക്വേദാം എന്ന അപ്പസ്തോലിക ലേഖനം പ്രസിദ്ധീകരിച്ചത് (cf. Spiritus domini). "ലത്തീൻ സഭയുടെ

മുഴുവൻ പൊതുവായ ശുശ്രൂഷകൾക്കു പുറമേ, സ്വന്തം പ്രദേശത്ത് ചില പ്രത്യേക കാരണങ്ങളാൽ അത്യാവശ്യമോ വളരെ ഉപകാരപ്രദമോ ആണെന്ന് മെത്രാൻ സമിതികൾ കരുതുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിന് പരിശുദ്ധ സിംഹാസനത്തോട് ആരായുന്നതിന് യാതൊരു തടസ്സവുമില്ല. ഉദാഹരണത്തിന് വാഹകൻ, ഭൂതോച്ചാടകൻ, മതാധ്യാപകൻ തുടങ്ങിയവരുടെ ശുശ്രൂഷകൾ." 'സുവിശേഷ പ്രഘോഷണം' (Evangelii Nuntiandi) എന്ന അപ്പസ്തോലിക പ്രബോധനത്തിലും ഈ സുപ്രധാന ക്ഷണം കാണപ്പെടുന്നുണ്ട്. ക്രൈസ്തവ സമൂഹത്തിന്റെ ഇന്നത്തെ ആവശ്യങ്ങളെ വിവേചിച്ചറിഞ്ഞ് അതിന്റെ ഉത്ഭവത്തോട് വിശ്വസ്തപുലർത്തി തുടർന്നുപോരുന്നതിന് ആഹ്വാനം ചെയ്യുന്ന പോൾ ആറാമൻ പാപ്പാ നവീനമായ അജപാലനപ്രവർത്തങ്ങൾക്കായി ശുശ്രൂഷയുടെ പുതിയ രൂപങ്ങളെ വികസിപ്പിച്ചെടുക്കാൻ പ്രോത്സാഹനം നല്കി. "ഈ ശുശ്രൂഷാപരിപാടികൾ ബാഹ്യവീക്ഷണത്തിൽ നവീനങ്ങളാണെന്നു തോന്നാമെങ്കിലും, അവ സഭയുടെ നൂറ്റാണ്ടുകൾ പഴക്കമുള്ള സജീവാനുഭവങ്ങളോടു ബന്ധപ്പെട്ടവയാണ്. മതോപദേശികൾ... തുടങ്ങിയവരെല്ലാം ഈ ശുശ്രൂഷകരുടെ ഗണത്തിൽപ്പെടുന്നു. അവരുടെയെല്ലാം സേവനങ്ങൾ സഭയുടെ സ്ഥാപനത്തിലും ജീവിതത്തിലും വികസനത്തിലും വിലയേറിയ സംഭാവനകളായിരിക്കും. ഓരോ ചുറ്റുപാടിലും അവർ സഭയുടെ സ്വാധീനം വർധിപ്പിക്കുന്നു; സഭയിൽനിന്നകന്നു ജീവിക്കുന്നവരെ സമീപിച്ച് അവരെ സഭയോട് അടുപ്പിക്കുന്നു (സുവിശേഷപ്രഘോഷണം 73). ഉറപ്പായിട്ടും "സഭയിൽ അല്മായർക്കുള്ള തനിമയെയും ദൗത്യത്തെയും കുറിച്ച് വർധമാനമായ ബോധമുണ്ടായിട്ടുണ്ട്. ആഴമാർന്ന സമൂഹബോധം, പരോപകാരപ്രവർത്തനങ്ങൾ, മതബോധനം, വിശ്വാസാഘോഷം എന്നിവയോട് വലിയ വിശ്വസ്തതയുള്ള ധാരാളം അല്മായരുണ്ട്, അവരുടെ സംഖ്യ ആവശ്യത്തിനു മാത്രമായിട്ടില്ലെങ്കിലും" (സുവിശേഷത്തിന്റെ സന്തോഷം 102). മതാധ്യാപനം പോലുള്ള അല്മായ ശുശ്രൂഷയുടെ സ്വീകരണം ജ്ഞാനസ്നാനമേറ്റ ഓരോ വ്യക്തിക്കുമുള്ള ഉചിതമായ മിഷണറി പ്രതിബദ്ധതയെ, ഏതെങ്കിലും തരത്തിലുള്ള വൈദിക മേധാവിത്വം ഒഴിവാക്കിക്കൊണ്ട് പൂർണമായും 'മതേതരമായ' രീതി നടപ്പാക്കേണ്ട പ്രതിബദ്ധതയെ, കൂടുതൽ ഊന്നിപ്പറയുന്നു.

8. ശുശ്രൂഷയ്ക്ക് അതിന്റെ സ്ഥാപനക്രമമനുസരിച്ച് (The Rite of Institution) ദൈവവിളിയുടെ ഒരു തലമുള്ളതുകൊണ്ട് മെത്രാന്റെ വിവേ

ചനാധികാരം അത് ആവശ്യപ്പെടുന്നു. വാസ്തവത്തിൽ ഇത് പ്രാദേശികസഭയിലെ അജപാലനാവശ്യങ്ങൾ തിരിച്ചറിഞ്ഞ് രൂപതാ മെത്രാൻ നല്കുന്ന സുസ്ഥിരമായ ഒരു സേവനമാണെങ്കിലും, ശുശ്രൂഷയുടെ സ്വഭാവം ആവശ്യപ്പെടുന്നതനുസരിച്ച് അത് അല്മായരുടെ പ്രവൃത്തിയായി നിർവഹിക്കപ്പെടുന്നു. മതാധ്യാപകൻ എന്ന സ്ഥാപിത ശുശ്രൂഷയിലേക്ക് വിളിക്കപ്പെട്ട സ്ത്രീ പുരുഷന്മാർ വിശ്വാസവും മാനുഷിക പക്വതയുമുള്ളവരും ക്രൈസ്തവ സമൂഹത്തിന്റെ ജീവിതത്തിൽ സജീവപങ്കാളിത്തമുള്ളവരും മറ്റുള്ളവരെ സ്വാഗതം ചെയ്യാൻ പ്രാപ്തിയുള്ളവരും ഔദാര്യമുള്ളവരും സാഹോദര്യകൂട്ടായ്മയിൽ ജീവിക്കുന്നവരുമായിരിക്കണം. സത്യവിശ്വാസത്തിന്റെ സമർത്ഥരായ വക്താക്കൾ എന്ന നിലയിൽ അവർക്ക് ബൈബിളിലും ദൈവശാസ്ത്രത്തിലും അജപാലന കാര്യങ്ങളിലും ബോധനശാസ്ത്രത്തിലും ഉചിതമായ രൂപീകരണം ലഭിക്കേണ്ടതും മതബോധനത്തിൽ മുൻകാല പരിചയം ഉണ്ടായിരിക്കുകയും വേണം (CD 14; CIC can. 231/1; CCEO can. 409/1) അവർ പുരോഹിതരുടെയും ഡീക്കന്മാരുടെയും വിശ്വസ്ത സഹപ്രവർത്തകരും, ആവശ്യമുള്ളിടത്തെല്ലാം അവരുടെ ശുശ്രൂഷ ചെയ്യാൻ തയ്യാറുള്ളവരും യഥാർത്ഥ അപ്പസ്തോലിക ചൈതന്യത്തിൽ പ്രചോദിതരുമായിരിക്കണം.

> ആയതിനാൽ, ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടും അപ്പോസ്തലിക അധികാരം ഉപയോഗിച്ചുകൊണ്ടും, **ഞാൻ അല്മായ മതബോധന ശുശ്രൂഷ സ്ഥാപിക്കുന്നു.**

ആരാധനയ്ക്കും കൂദാശകളുടെ ക്രമത്തിനുമായുള്ള തിരുസംഘം അല്മായ മതബോധന ശുശ്രൂഷയുടെ സ്ഥാപനക്രമം (the Rite of Institution) ഉടൻതന്നെ പ്രസിദ്ധീകരിക്കും.

9. ഈ അപ്പസ്തോലിക ലേഖനത്തിന്റെ ഉള്ളടക്കത്തിനനുസരിച്ച്, മതബോധന ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ട സ്ത്രീപുരുഷന്മാർക്ക് ആവശ്യമായ രൂപീകരണ പ്രക്രിയയിലൂടെ ഈ ശുശ്രൂഷയിൽ പ്രവേശിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർണയിക്കുന്നതിനും ഏറ്റവും അനുയോജ്യമായ ശുശ്രൂഷാ രീതികൾ നിർവഹിച്ച് മതാധ്യാപക ശുശ്രൂഷയെ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും മെത്രാൻ സമിതികളെ ഞാൻ ക്ഷണിക്കുന്നു.

10. ഇവിടെ സ്ഥാപിച്ചിട്ടുള്ള കാര്യങ്ങൾ പൗരസ്ത്യ സഭകളുടെ സിനഡുകൾക്കും ഹയരാർക്കി സമ്മേളനങ്ങൾക്കും സ്വയാധികാര *(sui iuris)* സഭകളുടെ പ്രത്യേക നിയമപ്രകാരം സ്വീകരിക്കാവുന്നതാണ്.

11. കൗൺസിൽ പിതാക്കന്മാരുടെ പ്രബോധനങ്ങൾ അനുസരിക്കുന്നതിന് മെത്രാന്മാർ എല്ലാ ശ്രമങ്ങളും നടത്തണം: "സഭയ്ക്ക് ലോകത്തോടുള്ള രക്ഷാകര ദൗത്യം മുഴുവൻ തങ്ങളിൽത്തന്നെ നിക്ഷിപ്തമായിരിക്കുന്ന തരത്തിൽ അവർ നിയമിക്കപ്പെട്ടിട്ടില്ല; പ്രത്യുത, തങ്ങളുടെ ബഹുമാന്യമായ കടമ വിശ്വാസികൾ മുഴുവനും തങ്ങളുടേതായ രീതിയിൽ പൊതുവായ പ്രവർത്തനങ്ങളിൽ ഏകമനസ്സോടെ സഹകരിക്കത്തക്കവിധം അവരെ മേയ്ക്കുകയും അവരുടെ സേവനങ്ങളും വരദാനങ്ങളും അംഗീകരിക്കുകയും ചെയ്യുകയാണെന്നും അജപാലകർക്കറിയാം" (LG 30). സഭയുടെ മേൽ തന്റെ വിവേചനവരങ്ങൾ ചൊരിയുന്നതിൽ ഒരിക്കലും കുറവു വരുത്തിയിട്ടില്ലാത്ത പരിശുദ്ധാത്മാവ്, തങ്ങളുടെ സമൂഹങ്ങളുടെ വളർച്ചയ്ക്കായുള്ള അല്മായ മതബോധന ശുശ്രൂഷകരുടെ പരിശ്രമങ്ങളെ ഫലമണിയിക്കട്ടെ!

Motu proprio ആയി പുറപ്പെടുവിച്ചിരിക്കുന്ന ഈ അപ്പസ്തോലിക ലേഖനത്തിന്, വ്യക്തവും സുസ്ഥിരവുമായ ഫലമുണ്ടാകണമെന്ന് ഞാൻ കല്പിക്കുന്നു. ഇതിന് വിരുദ്ധമായതൊന്നും, സവിശേഷപരാമർശത്തിന് അർഹമാണെങ്കിൽ പോലും നിലനിൽക്കുന്നതല്ല. ഇത് 'ഒസ്സെർവത്തോരെ റൊമാനോ' യിൽ പ്രസിദ്ധീകരിക്കണമെന്നും അതേ ദിവസം തന്നെ പ്രാബല്യത്തിൽ വരണമെന്നും തുടർന്ന് *ActaApostolicaeSedis* ന്റെ ഔദ്യോഗിക കമന്ററിയിൽ പ്രസിദ്ധീകരിക്കണമെന്നും ഞാൻ കൽപിക്കുന്നു.

റോമിൽ, വിശുദ്ധ യോഹന്നാന്റെ ലാറ്ററൻ ബസിലിക്കയിൽ വച്ച്, പുരോഹിതനും തിരുസഭയുടെ വേദപാരംഗതനുമായ ആവിലായിലെ വിശുദ്ധ യോഹന്നാന്റെ ഓർമദിനത്തിൽ, മെയ് മാസം പത്താം തീയതി 2021,

എന്റെ അപ്പസ്തോലിക ശുശ്രൂഷയുടെ ഒമ്പതാം വർഷം നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

**സർക്കുലർ: 04/2021** 12-05-2021

# കോവിഡ് - സേവനക്രമീകരണങ്ങൾ

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

കോവിഡിന്റെ അതിവ്യാപനം ആശങ്കാജനകമാണ്. നമ്മുടെ പല ഭവനങ്ങളിലും ആരെങ്കിലുമൊക്കെ ഈ രോഗം ബാധിച്ചവരായുണ്ട്. എല്ലാ ഇടവകകളിലുംതന്നെ കോവിഡ് മൂലമുള്ള മരണം സംഭവിച്ചിട്ടുണ്ട്. ഇത് നമ്മുടെ എല്ലാവരുടേയും വേദനയാണ്. പൗലോസ് ശ്ലീഹ പറയുന്നതു പോലെ ആരു വേദനിക്കുമ്പോഴാണ് നമ്മുടെ ഹൃദയം ഉരുകാത്തത്? ശ്വാസം കിട്ടാതെ തെരുവിൽ പോലും രോഗികൾ മരിക്കുന്ന കാഴ്ച ഹൃദയഭേദകമാണ്. കോവിഡ് ഒരു പകർച്ചവ്യാധിയായതു കൊണ്ട് രോഗികളെ നേരിട്ട് ശുശ്രൂഷിക്കാനാകാത്തതിന്റെ നിസ്സഹായതയും നമ്മെ ഭാരപ്പെടുത്തുന്നു. രോഗികളെ സുഖപ്പെടുത്തുന്ന ക്രിസ്തുവിന്റെ കരുണയിലാശ്രയിച്ച് പ്രത്യാശയോടെ നമുക്ക് ഈ പ്രതിസന്ധിയെ അതിജീവിക്കാം.

ഈ നിർണ്ണായക സാഹചര്യത്തിൽ സർക്കാർ ജനങ്ങളോടൊപ്പമുണ്ട് എന്നത് വലിയ ആശ്വാസമാണ്. ഈ രംഗത്തുള്ള സർക്കാരിന്റെ സേവന പ്രവർത്തനങ്ങൾ എല്ലാവരിലേക്കും കൂടുതൽ കാര്യക്ഷമതയോടെ എത്രയും വേഗം എത്തിക്കുവാനുള്ള നടപടികൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നമ്മുടെ അതിരൂപതാ ആശുപത്രികളും സോഷ്യൽ സർവീസ് വിഭാഗവും സഹൃദയ സമരിറ്റൻ വൊളന്ററി ഗ്രൂപ്പുകളും ഇടവകകളും സ്ഥാപനങ്ങളും ഈ രംഗത്ത് ചെയ്യുന്ന നിസ്തുല സേവനങ്ങൾ അഭിനന്ദനാർഹമാണ്.

അതിരൂപതയിലെ എറണാകുളം ലിസി, അങ്കമാലി ലിറ്റിൽ ഫ്ളവർ, ചുണങ്ങുംവേലി രാജഗിരി, ഇടപ്പള്ളി എം.എ.ജെ., അശോകപുരം കാർമൽ, പെരുമ്പാവൂർ സാൻജോ, മൂക്കന്നൂർ എം.എ.ജി.ജെ., പഴങ്ങനാട് സമരിറ്റൻ, ചേർത്തല ഗ്രീൻ ഗാർഡൻസ്, പൊതി മേഴ്സി എന്നീ ആശുപത്രികളിലാണ് കോവിഡ് രോഗികൾക്ക് ചികിത്സ നല്കി വരുന്നത്. എല്ലാ ആശുപത്രികളിലുമായി ഏകദേശം ആയിരത്തോളം കോവിഡ് രോഗികളെ ഒരേ സമയം ചികിത്സിച്ചു വരുന്നു. വെന്റിലേറ്റർ, ഓക്സിജൻ കിടക്കകൾ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടു

തൽ രോഗികൾക്ക് ചികിത്സാ സൗകര്യം ഒരുക്കുവാനുള്ള പരിശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. കോവിഡ് സംബന്ധമായി ഡോക്ടറുടെ സേവനം ആവശ്യമുള്ളവർക്ക് ടെലി കൺസൾട്ടേഷൻ, ടെലി മെഡിസിൻ സൗകര്യങ്ങൾ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അതിരൂപതയിലെ ചെറിയ ആശുപത്രികൾക്ക് ഈ രംഗത്ത് ഏതു വിധത്തിലുള്ള സേവനം ചെയ്യാൻ സാധിക്കുമെന്നത് ക്രിയാത്മകമായി ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ചെറിയ ആശുപത്രികളും പാരിഷ് ഹാളുകളും സ്ക്കൂൾ കെട്ടിടങ്ങളും കോവിഡ് പ്രാഥമിക ചികിത്സാ കേന്ദ്രങ്ങളാക്കാനുള്ള സർക്കാരിന്റെ പരിശ്രമങ്ങളോട് എല്ലാവരും സഹകരിക്കേണ്ടതാണ്.

കോവിഡിന്റെ ഈ രണ്ടാം തരംഗത്തെ അതിജീവിക്കാൻ അതിരൂപതാ സോഷ്യൽ സർവീസ് വിഭാഗമായ സഹൃദയ 'കരുതൽ' എന്ന പേരിൽ വിവിധ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്:

- അതിരൂപതയിലെ വിവിധ മേഖലകളിലായി കുറഞ്ഞ നിരക്കിൽ PPE Kit, Gloves, Sanitizer മുതലായവയുടെ വിതരണം
- ഹെൽപ് ഡെസ്ക് വഴി ആവശ്യക്കാർക്ക് ഓക്സിജൻ സൗകര്യമുള്ള ആംബുലൻസ് സേവനം
- രോഗത്താലും രോഗത്തിന്റെ ഭീതിയാലും മാനസികമായി തളരുന്നവർക്ക് കരുത്തേകാൻ കൗൺസലിംഗ്
- തെരുവോരങ്ങളിൽ കഴിയുന്ന പാവങ്ങൾക്ക് പോലിസിന്റെ സഹായത്തോടെ ഭക്ഷണം
- അവശ്യ സേവനങ്ങൾക്കായി സഹൃദയ ഹെൽപ് ഡെസ്ക്
- സ്ഥിരമായി മരുന്നു കഴിക്കുന്നവർക്ക് ഇടവകകൾ വഴിയുള്ള മരുന്നു വിതരണം - കോവിഡ് മൂലം മരിച്ചവരുടെ മൃതസംസ്ക്കാരകർമങ്ങൾ നടത്തുന്നതിന് സഹൃദയ സമരിറ്റൻ വൊളന്റിയേഴ്സിന്റെ സേവനം
- വൃദ്ധമന്ദിരങ്ങളിൽ ഹൈജീൻ സാമഗ്രികളുടെ വിതരണം
- ശ്വസന വ്യായാമ പരിശീലനം

സഹൃദയയുടെ ഈ സേവനങ്ങൾ ഏഴു മേഖലകളിലായി ക്രമീകരിച്ചിട്ടുള്ളതിന്റെ വിശദവിവരങ്ങൾ ഈ സർക്കുലറിന്റെ അനുബന്ധമായി നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള സഹൃദയയുടെ പ്രവർത്തനങ്ങൾ അനേകർക്കാണ് ആശ്വാസം നൽകുന്നത്. ആളും അർത്ഥവും നൽകി

ഈ പ്രവർത്തനങ്ങളോട് എല്ലാവരും സഹകരിക്കണമെന്ന് സ്നേഹ പൂർവ്വം ആഹ്വാനം ചെയ്യുന്നു.

അതിരൂപതയിലെ വിവിധ ഇടവകകൾ കോവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിന് ക്രിയാത്മകമായ പദ്ധതികൾ ഒരുക്കിയിട്ടുണ്ട്. ഓക്സിജൻ സൗകര്യമുള്ള ആംബുലൻസ് സേവനം; വാക്സിനേഷനായുള്ള ഓൺലൈൻ രജിസ്ട്രേഷനുവേണ്ടി ഇടവകകളിലെ KCYM, CLC, CML, അംഗങ്ങൾ ചെയ്തു കൊടുക്കുന്ന സാങ്കേതിക സഹായം; വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ഇടവകകളിൽ ഓൺലൈൻ വഴി നടത്തുന്ന ബോധവത്ക്കരണ ക്ലാസുകളും കൗൺസെലിംഗും; കോവിഡ് രോഗികളുടേയും ക്വാറന്റൈനിൽ കഴിയുന്നവരുടേയും ഭവനങ്ങളിൽ കുടുംബ യൂണിറ്റുകളുടെ നേതൃത്വത്തിൽ ഭക്ഷണമെത്തിക്കുന്നതിനുള്ള പദ്ധതി, തുടങ്ങിയവയെല്ലാം ക്രിസ്തീയസാക്ഷ്യത്തിന്റെ നേർക്കാഴ്ചകളാണ്. ചില ഇടവകകളിൽ കണ്ട "ഇവിടെയാരും ഒറ്റപ്പെടരുത്", "പട്ടിണി കിടക്കരുത്", "ഈ ഹെൽപ് ലൈൻ നമ്പറിൽ വിളിക്കുക" തുടങ്ങിയ സന്ദേശങ്ങൾ ജനത്തിന് വലിയ സാന്ത്വനമാണ് നൽകുന്നത്.

ഇത്രയെല്ലാം ചെയ്യുന്നുണ്ടെങ്കിലും ഈ പ്രതിസന്ധിയെ അതിജീവിക്കാൻ ഇനിയും ഏറെ ചെയ്യാനുണ്ടെന്നും, ഒന്നിച്ചുനിന്നാൽ നമുക്കത് സാധിക്കുമെന്നും നമ്മുടെ മനസ്സിനെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഉണർന്നു പ്രവർത്തിച്ച്, കരുതലുകൊണ്ടും കാരുണ്യം കൊണ്ടും കൂടുതൽ മെച്ചപ്പെട്ട ക്രിസ്തുശിഷ്യരാകാനുള്ള അവസരമാണിത്. നമ്മുടെ ജീവിത സാഹചര്യങ്ങളിൽ നമുക്ക് ചെയ്യാനാകുന്ന ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ:

- ഒറ്റപ്പെട്ടിരിക്കുന്നവർക്ക് ആശ്വാസത്തിന്റെ ഒരു ഫോൺ വിളി അമൂല്യമാണ്. വൈദികരും സന്ന്യസ്തരും കുടുംബയൂണിറ്റ് ഭാരവാഹികളും മറ്റും രോഗികളേയും ക്വാറന്റൈനിലായിരിക്കുന്നവരേയും ഫോൺ വിളിച്ച് വിശേഷങ്ങൾ അന്വേഷിക്കുക.
- ഭക്ഷണമില്ലാത്തവർക്ക് ഒരു പൊതിച്ചോറ് വിലപ്പെട്ടതാണ്. കോവിഡ് രോഗികളുടേയും ക്വാറന്റൈനിൽ കഴിയുന്നവരുടേയും ഭവനങ്ങളിൽ കുടുംബ യൂണിറ്റുകളുടെയും ഭക്തസംഘടനകളുടേയും നേതൃത്വത്തിൽ ഭക്ഷണമെത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

- “ഞങ്ങൾ കൂടെയുണ്ട്”, “പേടിയ്ക്കേണ്ട”, “ഈ മഹാമാരിയും മാറും”, പ്രതീക്ഷയുടെ ഇത്തരം ആത്മാർത്ഥമായ വാക്കുകൾ നമ്മിലൂടെ പൊതുസമൂഹത്തിൽ അലയടിക്കട്ടെ.
- സേവനപ്രവർത്തനങ്ങളിൽ രാഷ്ട്രീയ താല്പര്യങ്ങളോ ലാഭേച്ഛയോ ഒരു കാരണവശാലും കടന്നുവരാതിരിക്കുവാൻ ശ്രദ്ധിക്കുക.
- കോവിഡ് രോഗം മൂലം മരിക്കുന്നവരുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്കു വേണ്ടി വിഭാവനം ചെയ്ത സഹൃദയ സമരിറ്റൻസ് സന്നദ്ധ സംഘം എല്ലാ ഇടവകകളിലും രൂപീകരിക്കുന്നതിന് എത്രയും വേഗം നടപടികൾ സ്വീകരിക്കുക.
- ആശുപത്രികളിൽ നിന്നും ലഭിക്കുന്ന വിവരമനുസരിച്ച് അവർ നേരിടുന്ന പ്രധാന പ്രശ്നം സ്റ്റാഫിന്റെ ദൗർലഭ്യമാണ്. നമ്മുടെ ഇടവകകളിൽ റിട്ടയർ ചെയ്തവരോ ജോലിക്കു പോകാത്തവരോ ആയ ഡോക്ടേഴ്സ്, നേഴ്സസ് എന്നിവരോ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കാൻ സാധിക്കുന്ന മറ്റുള്ളവരോ ഉണ്ടെങ്കിൽ ഈ സാഹചര്യത്തിൽ നമ്മുടെ ആശുപത്രികളുമായി ബന്ധപ്പെട്ട് ജോലിക്കായി മുന്നോട്ടു വരിക.
- കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണമടഞ്ഞതുമൂലം അനാഥരായ മക്കളുടെ സംരക്ഷണത്തിനും തുടർവിദ്യാഭ്യാസത്തിനും ആവശ്യമായ ക്രമീകരണങ്ങൾ ഇടവകതലത്തിലും അതിരൂപതാതലത്തിലും ആവിഷ്ക്കരിക്കുക.
- കോവിഡ് മൂലം അനുദിനം രോഗികളാകുന്നവരുടേയും മരണമടയുന്നവരുടേയും വിവരങ്ങൾ തദ്ദേശസ്വയംഭരണ കേന്ദ്രങ്ങളുമായി സഹകരിച്ച് ലഭ്യമാക്കുന്നതിനും അതനുസരിച്ച് സേവനപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും ഇടവകതലത്തിൽ സംവിധാനങ്ങളൊരുക്കുക.

മനുഷ്യജീവിതം വയലിലെ പുഷ്പം പോലെ വാടിവീഴുന്ന സാഹചര്യമാണ് നമുക്കു ചുറ്റുമുള്ളത്. എന്നിരുന്നാലും ഈ പ്രതിസന്ധിയെ ഒരുമയോടെ വിശ്വാസം കൊണ്ടും സ്നേഹം കൊണ്ടും തീർച്ചയായും നമ്മൾ തരണം ചെയ്യും. അതിനായി ആത്മാർത്ഥമായി പ്രാർത്ഥിക്കാനും നിറഞ്ഞ മനസ്സോടെ പങ്കുവയ്ക്കാനും നമുക്കു സാധിക്കണം. നമ്മുടെയും സഹോദരങ്ങളുടെയും സുരക്ഷയെക്കുറിച്ചു നമുക്ക്

അതീവ ജാഗ്രതയുള്ളവരാകാം. കോവിഡ് വ്യാപനം തടയുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ എല്ലാവരും കർശനമായി പാലിക്കണം. ലോക്ഡൗൺ നിയന്ത്രണങ്ങൾമൂലം ദേവാലയങ്ങളിൽ പോയി വിശുദ്ധ ബലിയിൽ സംബന്ധിക്കാനുള്ള സാധ്യത വീണ്ടും ഇല്ലാതായിരിക്കുകയാണ്.

ഓൺലൈനിലൂടെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുവാനും കുടുംബപ്രാർത്ഥന സജീവമാക്കുവാനും എല്ലാവരും ശ്രദ്ധിക്കണം. ബഹു. വൈദികർ ഇടവകയിലെ ഓരോ കുടുംബത്തേയും സമർപ്പിച്ച് ഇടവക ദേവാലയത്തിൽ അനുദിന ബലിയർപ്പിച്ച് പ്രാർത്ഥിക്കുമല്ലോ.

സർവ്വശക്തനായ ദൈവത്തിന്റെ സംരക്ഷണയ്ക്ക് നിങ്ങളെ ഓരോരുത്തരേയും സമർപ്പിച്ചുകൊണ്ടും ദൈവം നമ്മെ എല്ലാവരേയും കാത്തു സംരക്ഷിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും,

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി, എറണാകുളം-അങ്കമാലി അതിരൂപത

## ‘കരുതൽ’
## സഹൃദയ കോവിഡ് 19 ഹെൽപ് ഡസ്ക്

1. **എറണാകുളം-ഇടപ്പള്ളി മേഖല**

| | | |
|---|---|---|
| കോർഡിനേറ്റർ | : 9496017942 | |
| | ഫാ. ജയ്സൺ കൊളുത്തുവെള്ളിൽ | |
| ആംബുലൻസ് | : 9995210963 | മാത്യു സേവ്യർ പി. |
| ഭക്ഷണം | : 8129777001 | റിജോ |
| മരുന്ന് | : 9567210113 | പ്രിയ ജോർജ്ജ് |
| കൗൺസെലിംഗ് | : 9847221911 | സിസ്റ്റർ ജെയ്സി |
| ടെലിമെഡിസിൻ | : 9539511207 | ചിഞ്ചു |
| (അലോപ്പതി, ഹോമിയോ, ആയുർവേദ) | | |
| കോവിഡ് – | | |
| മൃതസംസ്ക്കാരം | : 7558903454 | ലാലച്ചൻ |

**2. ചേർത്തല, വൈക്കം, പള്ളിപ്പുറം മേഖല**

| | | |
|---|---|---|
| കോർഡിനേറ്റർ | : 8281659168 | |
| | ഫാ. പോൾസൺ പെരേപ്പാടൻ | |
| ആംബുലൻസ് | : 9061050150 | ജിബിൻ ജോസ് |
| ഭക്ഷണം | : 9946028978 | റോബി ജേക്കബ് |
| മരുന്ന് | : 9544752580 | ജസ്റ്റിൻ |
| കൗൺസെലിംഗ് | : 9847221911 | സിസ്റ്റർ ജെയ്സി |
| ടെലിമെഡിസിൻ | : 9539511207 | ചിഞ്ചു |

(അലോപ്പതി, ഹോമിയോ, ആയുർവേദ)

കോവിഡ് -

| | | |
|---|---|---|
| മൃതസംസ്ക്കാരം | : 7558903454 | ലാലച്ചൻ |

**3. പറവൂർ മേഖല**

| | | |
|---|---|---|
| കോർഡിനേറ്റർ | : 9497295322 | |
| | ഫാ. കുരുവിള മരോട്ടിക്കൽ | |
| ആംബുലൻസ് | : 8592966198 | ഡൊമിനിക് |
| ഭക്ഷണം | : 6282313434 | നികിത |
| മരുന്ന് | : 9633308756 | ടിൻസ് |
| കൗൺസെലിംഗ് | : 9847221911 | സിസ്റ്റർ ജെയ്സി |
| ടെലിമെഡിസിൻ | : 9539511207 | ചിഞ്ചു |

(അലോപ്പതി, ഹോമിയോ, ആയുർവേദ)

കോവിഡ് -

| | | |
|---|---|---|
| മൃതസംസ്ക്കാരം | : 7558903454 | ലാലച്ചൻ |

**4. അങ്കമാലി, മൂഴിക്കുളം മേഖല**

| | | |
|---|---|---|
| കോർഡിനേറ്റർ | : 9891540075 | ഫാ. രാജൻ പുന്നക്കൽ |
| ആംബുലൻസ് | : 8593933248 | ജെസ്റ്റോ മാത്യു |
| ഭക്ഷണം | : 9747994975 | ജെറിൻ |
| മരുന്ന് | : 9645768604 | അനൂപ് ആന്റണി |
| കൗൺസെലിംഗ് | : 9847221911 | സിസ്റ്റർ ജെയ്സി |
| ടെലിമെഡിസിൻ | : 9539511207 | ചിഞ്ചു |

(അലോപ്പതി, ഹോമിയോ, ആയുർവേദ)

കോവിഡ് -

| | | |
|---|---|---|
| മൃതസംസ്ക്കാരം | : 7558903454 | ലാലച്ചൻ |

**5. വല്ലം, മഞ്ഞപ്ര, കാഞ്ഞൂർ മേഖല**

| | | |
|---|---|---|
| കോർഡിനേറ്റർ | : 9496453996 | |
| | ഫാ. ബൈജു കണ്ണമ്പിള്ളി | |
| ആംബുലൻസ് | : 9207562728 | അജോ |
| ഭക്ഷണം | : 9947623184 | റെന്നി പാപ്പച്ചൻ |
| മരുന്ന് | : 9496491694 | ജോസിൻ |
| കൗൺസെലിംഗ് | : 9847221911 | സിസ്റ്റർ ജെയ്സി |
| ടെലിമെഡിസിൻ | : 9539511207 | ചിഞ്ചു |

(അലോപ്പതി, ഹോമിയോ, ആയുർവേദ)
കോവിഡ് –
മൃതസംസ്ക്കാരം : 7558903454 ലാലച്ചൻ

**6. കിഴക്കമ്പലം, തൃപ്പൂണിത്തുറ മേഖല**

| | | |
|---|---|---|
| കോർഡിനേറ്റർ | : 8593084822 | |
| | ഫാ. സഞ്ചു കൊഴുവള്ളി | |
| ആംബുലൻസ് | : 9895267235 | സിജിൻ സിബി |
| ഭക്ഷണം | : 8547972834 | ലിന്റോ |
| മരുന്ന് | : 9895670702 | മാർട്ടിൻ |
| കൗൺസെലിംഗ് | : 9847221911 | സിസ്റ്റർ ജെയ്സി |
| ടെലിമെഡിസിൻ | : 9539511207 | ചിഞ്ചു |

(അലോപ്പതി, ഹോമിയോ, ആയുർവേദ)
കോവിഡ് –
മൃതസംസ്ക്കാരം : 7558903454 ലാലച്ചൻ

**7. കൊരട്ടി, കറുകുറ്റി, മൂക്കന്നൂർ മേഖല**

| | | |
|---|---|---|
| കോർഡിനേറ്റർ | : 9961455975 | |
| | ഫാ. സെബാസ്റ്റ്യൻ പൊട്ടോളി | |
| ആംബുലൻസ് | : 9400407326 | അനിൽ തോമസ് |
| ഭക്ഷണം | : 7034223002 | റോബർട്ട് വർഗ്ഗീസ് |
| മരുന്ന് | : 8281194803 | അഷ്ബിൻ |
| കൗൺസെലിംഗ് | : 9847221911 | സിസ്റ്റർ ജെയ്സി |
| ടെലിമെഡിസിൻ | : 9539511207 | ചിഞ്ചു |

(അലോപ്പതി, ഹോമിയോ, ആയുർവേദ)
കോവിഡ് –
മൃതസംസ്ക്കാരം : 7558903454 ലാലച്ചൻ

**സർക്കുലർ: 05/2021** 25-05-2021

# വിശ്വാസപരിശീലനവർഷം 2021-2022
## *"ക്രിസ്തീയകുടുംബം രക്ഷയുടെ പാതയിൽ"*

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, വിശ്വാസപരിശീലകരെ, മാതാപിതാക്കളെ, വാത്സല്യമുള്ള കുഞ്ഞുങ്ങളെ,

കോവിഡ് മഹാമാരിയുടെ ഈ രണ്ടാംതരംഗത്തിൽ എല്ലാവരും സുരക്ഷിതരും പ്രത്യാശയുള്ളവരുമായിരിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ജൂൺ മാസത്തിൽ ഒരു പുതിയ വിശ്വാസപരിശീലനവർഷത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. അസാധാരണമായ സാഹചര്യത്തിലൂടെയാണ് ലോകം ഇന്ന് കടന്നുപോകുന്നത്. വേദനയുടെയും സഹനത്തിന്റെയും മരണത്തിന്റെയുമൊക്കെ ചിത്രങ്ങളാണ് നമുക്കു ചുറ്റുമുള്ളത്. എന്നാൽ, ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം പ്രത്യാശയുടെ കിരണങ്ങൾ എന്നും അവനു മുന്നിലുണ്ടാകണം. കോവിഡിന്റെ ഈ ദുരന്തകാലഘട്ടത്തിലും ദൈവം നമ്മോട് പ്രത്യേകമായ വിധത്തിൽ ചില കാര്യങ്ങൾ പറയുന്നുണ്ട്. ഈ പ്രതിസന്ധിയെ അതിജീവിച്ച് പ്രത്യാശയാർന്ന ഒരു ജീവിതത്തിലേക്ക് തിരികെയെത്തുവാൻ ദൈവം നമ്മെ വിളിക്കുന്നു. ദൈവത്തിന്റെ ആ വിളിയുടെ ശബ്ദത്തിനായി ക്ഷമാപൂർവ്വം നമുക്ക് ചെവികൊടുക്കാം.

### ക്രിസ്ത്യാനികൾ - വിശ്വസാഹോദര്യത്തിലേക്ക് വിളിക്കപ്പെട്ടവർ

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ് മനുഷ്യർ. അതിനാൽത്തന്നെ എല്ലാ മനുഷ്യരും സഹോദരരാണ്. ദൈവമക്കൾ എന്ന ഈ സ്ഥാനം വിശ്വസാഹോദര്യത്തിലേയ്ക്കുള്ള വിളിയാണ്. മഹാമാരിയുടെ ഈ കാലയളവിൽ വിശ്വസാഹോദര്യമെന്നത് ഏറ്റവും പ്രസക്തമായ ചിന്തയാണ്. 'ഫ്രത്തെല്ലി തൂത്തി' (എല്ലാവരും സോദരർ) എന്ന ചാക്രികലേഖനത്തിലൂടെ വിശ്വസാഹോദര്യത്തിന്റെ പ്രാധാന്യവും ആവശ്യകതയുമാണ് ഫ്രാൻസിസ് മാർപാപ്പ ലോക

ത്തോടു പറയുന്നത്. ഈ കാഴ്ചപ്പാടിലേക്ക് ലോകത്തിലെ എല്ലാ രാജ്യങ്ങളും ജനതകളും കടന്നുവരണമെന്നാണ് മാർപ്പാപ്പ ഇതുവഴി ആവശ്യപ്പെടുന്നത്. ആർക്കും ഒറ്റയ്ക്കു തുരുത്തുകളായി ഈ ഭൂമിയിൽ നിലനിൽക്കാനാവില്ല. സാഹോദര്യത്തിന്റേയും പാരസ്പര്യത്തിന്റെയും ചൈതന്യത്തിലൂടെ മാത്രമേ ലോകത്തിനു സമാധാനമായി മുന്നേറാനാകൂ.

വിശ്വസാഹോദര്യത്തിന്റെ സന്ദേശം ഇളം തലമുറയ്ക്ക് കൈമാറാനും അതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്താനുമുള്ള ഉത്തരവാദിത്വം വിശ്വാസപരിശീലകരായ നമ്മൾ ഓരോരുത്തരുടേതുമാണ്. ഇതൊരു ജീവിതസംസ്ക്കാരമായി കുഞ്ഞുങ്ങളിൽ വളർത്തിയെടുക്കുവാൻ വിശ്വാസപരിശീലകരായ നമ്മെ പ്രത്യേകമായി ദൈവം വിളിക്കുന്നു. കൊള്ളക്കാരുടെ ആക്രമണത്തിൽ മുറിവേറ്റ് വഴിയിൽ കിടന്ന ആ യഹൂദനെ, വിവേചനവും ലാഭേച്ഛയും കൂടാതെ പരിചരിച്ച് സത്രത്തിലെത്തിച്ച നല്ല സമരിയാക്കാരന്റെ ചിത്രം (ലൂക്ക 10:25 -37) നമ്മുടെ കുഞ്ഞുമനസ്സുകൾക്ക് എന്നും പ്രചോദനമാകണം. അങ്ങനെ, മനുഷ്യരെല്ലാവരും സഹോദരരാണെന്ന കാഴ്ചപ്പാടിലേക്കു കടന്നുവരാനും ആ കാഴ്ചപ്പാടോടെ ജീവിക്കുവാനും നമ്മുടെ കുഞ്ഞുങ്ങളെ നമുക്ക് പരിശീലിപ്പിക്കാം.

**ക്രിസ്തീയകുടുംബം- വിശ്വാസപരിശീലനവേദി**

വിശ്വാസപരിശീലനത്തിന്റെ ഏറ്റവും അടിസ്ഥാന വേദിയാണ് കുടുംബം. കുടുംബത്തിന്റെ അന്തരീക്ഷത്തിലാണ് കുഞ്ഞുങ്ങൾ വിശ്വാസത്തിൽ ജനിക്കുന്നതും നിലനിൽക്കുന്നതും. ഈശോയുടെ ബാല്യകാലത്തെക്കുറിച്ച് സുവിശേഷത്തിൽ പറയുന്നത് ഇപ്രകാരമാണ്: 'അവൻ അവരോടൊപ്പം പുറപ്പെട്ട് നസ്രത്തിൽ വന്ന് അവർക്കു വിധേയനായി ജീവിച്ചു. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു' (വി. ലൂക്കാ 2:51-52). തിരുക്കുടുംബം എന്ന സ്ക്കൂളിലാണ് യേശു പഠിച്ചതും, രൂപപ്പെട്ടുവന്നതും. യേശുവിൽ മാനുഷികമൂല്യങ്ങളെല്ലാം വേണ്ടവിധത്തിൽ വളർത്തിയെടുക്കാൻ യേശുവിന്റെ അമ്മയായ പരിശുദ്ധ മറിയത്തിനും വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിതാവിനും കഴിഞ്ഞു. സാർവ്വത്രികസഭ കുടുംബവർഷമായി ആചരിക്കുന്ന ഈ വർഷത്തിൽ കുട്ടി

കളുടെ വിശ്വാസപരിശീലനത്തിൽ കുടുംബത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് എല്ലാവരും ബോധ്യമുള്ളവരായിരിക്കണം.

വിശ്വാസപരിശീലനം ക്രിസ്തു കേന്ദ്രീകൃതമാകണം എന്നു പറയുന്നതുപോലെതന്നെ കുടുംബ കേന്ദ്രീകൃതവുമാകണമെന്നു പറയേണ്ടതും കാലത്തിന്റെ ആവശ്യമായിരിക്കുന്നു. പ്രത്യേകിച്ച് കോവിഡിന്റെ ഈ സാഹചര്യത്തിൽ കുഞ്ഞുങ്ങൾ വീടുകളിൽതന്നെ കഴിയാൻ നിർബന്ധിക്കപ്പെടുകയാണ്. വലിയ സങ്കടങ്ങളിലൂടെ കടന്നുപോകുമ്പോഴും കുട്ടികളോടൊപ്പം ആയിരിക്കുവാനും അവർക്ക് വിശ്വാസകാര്യങ്ങൾ പറഞ്ഞുകൊടുത്ത് പരിശീലിപ്പിക്കാനും മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. അവർ പ്രതിസന്ധികളിൽ നിരാശപ്പെടാതിരിക്കാനും, അവർ ഏകാന്തതയിൽ പെട്ടുപോകാതിരിക്കാനും നിങ്ങൾ അവർക്ക് ശക്തി പകരണം. കഴിഞ്ഞ വർഷത്തെപോലെ ഈ വർഷവും എല്ലാ ഞായറാഴ്ചകളിലും ഒരു മണിക്കൂർ സമയം വിശ്വാസപരിശീലനത്തിനായി കുടുംബങ്ങൾ മാറ്റിവയ്ക്കണം. ഇതിന് മാതാപിതാക്കൾ മുൻകൈയെടുക്കണം. പാഠപുസ്തകവും വിശുദ്ധഗ്രന്ഥവും വായിക്കുന്നതിനും പഠിക്കുന്നതിനും കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിനായി കുടുംബപ്രാർത്ഥനയ്ക്കും വിശ്വാസപരിശീലനത്തിനും കൃത്യമായൊരു സമയം ഓരോ കുടുംബവും നിശ്ചയിക്കുന്നത് നല്ലതാണ്. സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് പരസ്പരം സ്തുതിചൊല്ലുന്ന ശീലത്തിന് മുടക്കം വരുത്താതിരിക്കാനും ശ്രദ്ധിക്കണം. 'കുടുംബം ഒരു ദേവാലയം' എന്ന ആശയത്തിൽ വളരുന്ന ക്രിസ്തീയകുടുംബത്തിൽ പാവനമായ അന്തരീക്ഷവും ദൈവവിശ്വാസവും നിറഞ്ഞുനിൽക്കുമെന്നതിൽ സംശയം വേണ്ട.

**'ക്രിസ്തീയകുടുംബം രക്ഷയുടെ പാതയിൽ'**

അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രം ഈ വർഷത്തെ പ്രവർത്തന മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്നത് ക്രിസ്തീയകുടുംബം രക്ഷയുടെ പാതയിൽ എന്നതാണ്. ഈ വർഷം വിശുദ്ധ യൗസേപ്പിതാവിനെ പ്രത്യേകം അനുസ്മരിക്കുന്നതോടൊപ്പം കുടുംബ വർഷമായികൂടി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ ആപ്തവാക്യം സ്വീകരിച്ചിരിക്കുന്നത്. നീതിയോടെ ജീവിച്ച് കഠിനാധ്വാനം ചെയ്ത് തിരുകുടുംബത്തെ പരിപാലിച്ച വിശുദ്ധ

യൗസേപ്പിതാവ് നമുക്കെല്ലാം മാതൃകയാണ്. നീതിമാനായ വിശുദ്ധ യൗസേപ്പിതാവിന്റെ കരം പിടിച്ചുനടന്നവനാണ് ബാലനായ ഈശോ. അതുപോലെ, വിശുദ്ധ യൗസേപ്പിതാവിന്റെ കരം പിടിച്ച് രക്ഷയുടെ പാതയിലൂടെ ചരിക്കാനുള്ള ഒരു ആഹ്വാനമായി ഈ വർഷത്തെ വിശ്വാസപരിശീലന ആപ്തവാക്യത്തെ നമുക്ക് സ്വീകരിക്കാം. ഒപ്പംതന്നെ ആത്മപരിശോധനയ്ക്കുള്ള ചോദ്യവും കൂടിയാണ് ഈ ആപ്തവാക്യം. എന്റെ കുടുംബം രക്ഷയുടെ പാതയിലാണോ അല്ലയോ എന്നതാണ് ആ ചോദ്യം. നമ്മുടെ രക്ഷകനായ ഈശോ കാണിച്ചുതന്ന രക്ഷയുടെ പാതയിൽ ചരിക്കാൻ വിളിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികളായ നമ്മളോരോരുത്തരും. അതിനാൽ, ഈ വർഷം പ്രത്യേകമായി നമ്മുടേയും നമ്മുടെ കുടുംബങ്ങളുടേയും ജീവിതം രക്ഷയുടെ പാതയിലാണോ അല്ലയോ എന്നു ചിന്തിക്കാനുള്ള ഒരു അവസരമായിക്കൂടി നമുക്കു മാറ്റാം. അതിനായി, ഈ വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ സർവ്വശക്തനായ ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

കോവിഡ് പ്രതിസന്ധിയിലും നമ്മെ വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും വളർത്തുന്നതിനായി അക്ഷീണം പ്രയത്നിക്കുകയാണ് നമ്മുടെ വിശ്വാസപരിശീലനവിഭാഗം. പോയവർഷത്തിൽ കോവിഡ് മഹാമാരിയുടെയും ലോക്ക്ഡൗണിന്റെയും പശ്ചാത്തലത്തിൽ നമ്മുടെ അതിരൂപത വിശ്വാസപരിശീലനകേന്ദ്രം 'DomusCat' എന്ന പേരിൽ ഓൺലൈൻ കാറ്റിക്കിസം ക്ലാസ്സുകൾക്കും സൺഡേ ഫാമിലി കാറ്റിക്കിസത്തിനും തുടക്കം കുറിച്ചു. അത് വലിയ വിജയമായിരുന്നു. വിശ്വാസപരിശീലന വിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് നമ്മുക്ക് ഏറെ അഭിമാനമുണ്ട്. ഈ വർഷവും വിശ്വാസപരിശീലന ക്ലാസ്സുകൾക്ക് സഹായകമായ വീഡിയോകളും മറ്റ് ആക്ടിവിറ്റീസും നിങ്ങൾക്ക് അവർ ലഭ്യമാക്കുന്നതാണ്. പാഠപുസ്തകം കുട്ടികൾക്കും മാതാപിതാക്കൾക്കും എളുപ്പത്തിൽ മനസിലാക്കുന്നതിനുവേണ്ടി നമ്മുടെ വിശ്വാസപരിശീലനകേന്ദ്രം "The Catechist" എന്ന പേരിൽ ഒരു വർക്ക്ബുക്ക് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, വിവിധ രൂപതകളുടെ സഹായത്തോടെ സീറോമലബാർ കാറ്റിക്കിസം കമ്മീഷൻ തയ്യാറാക്കുന്ന വീഡിയോക്ലാസ്സുകൾ ഷാലോം ടി.വി., ഗുഡ്നെസ്സ് ടി.വി., ഷെക്കീന ടി.വി. എന്നീ ചാനലുകളിലൂടെ സംപ്രേക്ഷണം

ചെയ്യുന്നതാണ്. ഈ സാഹചര്യങ്ങളെല്ലാം ഉപയോഗപ്പെടുത്തി നമ്മുടെ കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനം സുഗമമാക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഓർമിപ്പിക്കുന്നു.

കുട്ടികളുടെ വിശ്വാസപരിശീലനത്തിനായി അത്യദ്ധ്വാനം ചെയ്യുന്ന എല്ലാ വികാരിയച്ചൻമാർക്കും, താൽപര്യത്തോടെ അവരെ പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകർക്കും, കരുതലോടെ അവരെ സഹായിച്ചുകൊണ്ടിരിക്കുന്ന എല്ലാ മാതാപിതാക്കൾക്കും ഈയവസരത്തിൽ ഞാൻ ഹൃദയപൂർവ്വം അതിരൂപതയുടെ നാമത്തിൽ നന്ദി അറിയിക്കുന്നു. ഫ്രാൻസിസ് മാർപാപ്പ 'പുരാതനശുശ്രൂഷ' എന്ന അപ്പസ്തോലികസന്ദേശത്തിലൂടെ വിശ്വാസപരിശീലകരുടെ ശുശ്രൂഷയെ സഭയിലെ അല്മായരുടെ ഔദ്യോഗികദൗത്യമായി ഉയർത്തിയിരിക്കുന്നു. വിശ്വാസപരിശീലന ശുശ്രൂഷയുടെ പ്രാധാന്യവും ഉത്തരവാദിത്തവും ഏറെ വർദ്ധിച്ചിരിക്കുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

ഈ വിശ്വാസപരിശീലനവർഷം ഏറ്റവും സന്തോഷകരമായും ഫലപ്രദമായും നടത്തുവാൻ സർവ്വശക്തനായ ദൈവം നമ്മെയെല്ലാവരെയും അനുഗ്രഹിക്കട്ടെയെന്നാശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി, എറണാകുളം-അങ്കമാലി അതിരൂപത

..............................................

N.B.: ഈ സർക്കുലർ 2021 ജൂൺ 6-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുന്നതോടൊപ്പം, ഇതര മാർഗ്ഗങ്ങളിലൂടെ ജനങ്ങളെ അറിയിക്കേണ്ടതുമാണ്.

**സർക്കുലർ: 06/2021** 29-05-2021

# കോവിഡ് - സാമ്പത്തിക സഹായം

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

കോവിഡിനെതിരെയുള്ള പോരാട്ടത്തിൽ എല്ലാവരും കൈകോർത്തു പിടിക്കേണ്ട സമയമാണിത്. അതിരൂപതാ സോഷ്യൽ സർവീസ് വിഭാഗമായ 'സഹൃദയ'യിലൂടെ ഈ രംഗത്ത് ധാരാളം പ്രവർത്തനങ്ങൾ നമ്മുടെ അതിരൂപത ചെയ്യുന്നത് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. കോവിഡ് 19-ന്റെ അതിവ്യാപന സ്വഭാവംകൊണ്ട് ഈ രംഗത്തെ സേവനങ്ങൾ കേന്ദ്രീകൃത സംവിധാനത്തിലൂടെ നടപ്പിലാക്കാൻ പ്രയാസമുണ്ട്. കഴിഞ്ഞ സർക്കുലറിൽ സൂചിപ്പിച്ചിരുന്നതുപോലെ, ഇടവകകളും കുടുംബയൂണിറ്റുകളുമാണ് ഈയവസരത്തിൽ സഹായങ്ങളുടെ കേന്ദ്രങ്ങളായി മാറേണ്ടത്. ഓരോ ഇടവകയിലും 'ഹെൽപ് ഡെസ്കുകളും', കൗൺസലിംഗ്, ചികിത്സ, ഭക്ഷണം എന്നിവ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള കമ്മറ്റികളും ഉടനെ പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

കോവിഡ് സാഹചര്യത്തിൽ നമ്മുടെ പല ഇടവകകളിലും സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് മനസ്സിലാക്കുന്നു. എങ്കിലും, പള്ളികളിലെ വരുമാനത്തിന്റെ ഒരു പങ്ക് അവശത അനുഭവിക്കുന്നവരിലേക്ക് എത്തിക്കുന്നതിന് വികാരിയച്ചന്മാരും ഇടവകപ്രതിനിധിയോഗവും കുടുംബയൂണിറ്റ് ഭാരവാഹികളും ശ്രദ്ധിക്കണം. കൂടുതൽ സാമ്പത്തിക ശേഷിയുള്ള ഇടവകകൾ ഇക്കാര്യത്തിൽ പ്രത്യേകം താല്പര്യമെടുക്കേണ്ടതാണ്.

സാമ്പത്തിക സഹായം നൽകുമ്പോൾ ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും തുല്യമായി നൽകുന്ന രീതി അഭികാമ്യമല്ല. അർഹിക്കുന്നവരെ തിരിച്ചറിഞ്ഞ് സഹായിക്കുന്ന അജപാലനശൈലിയാണ് നമുക്കു വേണ്ടത്. സാമ്പത്തികമായി വിഷമിക്കുന്നവരെ യൂണിറ്റുകൾവഴിയും മറ്റും കണ്ടെത്തി സഹായിക്കാൻ എല്ലാ ഇടവകകളും തയ്യാറാകണം. തൊട്ടടുത്ത പള്ളികളിൽ കഴിയുന്നവരും നമ്മുടെ സഹോദരങ്ങളാണെന്നും, അയൽ ഇടവകയുടെ ദാരിദ്ര്യം നമ്മുടേതുകൂടിയാണെന്നും മറക്കാതിരിക്കുക. പ്രളയകാലത്ത് ചെയ്തതുപോലെ സാമ്പത്തികമായി

പിന്നോക്കം നിൽക്കുന്ന ഇടവകകളെ ദത്തെടുത്ത് സഹായിക്കാൻ സാമ്പത്തിക ശേഷിയുള്ള ഇടവകകൾ തയ്യാറാകണം. ഇതോടൊപ്പം ഇതര മതസ്ഥരേയും പരിഗണിക്കാനുള്ള വിശാലത നമുക്കുണ്ടാകേണ്ട താണ്. ഇടവകകളിലെ വരുമാനം ഇക്കാര്യങ്ങൾക്കായി ചെലവഴിക്കു ന്നതോടൊപ്പം, വ്യക്തികളിൽനിന്നും പ്രസ്ഥാനങ്ങളിൽനിന്നും ഇത്ത രത്തിലുള്ള സേവനങ്ങൾക്കുവേണ്ടി സാമ്പത്തിക സഹായം തേടാനും ശ്രമിക്കേണ്ടതാണ്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ ഇടവകകൾ അക്കാര്യം അതിരൂപതകച്ചേരിയെ അറിയിച്ചാൽ സാധ്യമായ സഹായം ചെയ്യുന്നതാണ്.

സാമ്പത്തികമായി ബാധ്യതകൾ വന്നിട്ടുള്ളവർക്ക് സാമ്പത്തിക സഹാ യം, ചികിത്സയ്ക്കായി ബുദ്ധിമുട്ടുന്നവർക്ക് മരുന്ന്, പട്ടിണിയിലേക്കു നീങ്ങുന്നവർക്ക് ഭക്ഷണം, മാനസികമായി വിഷമിക്കുന്നവർക്ക് സാന്ത്വനം എന്നിവ നൽകി നമ്മുടെ കരുതലും സ്നേഹവും പ്രകടി പ്പിക്കാം. ഇപ്രകാരം ചെയ്യാൻ നമുക്കു സാധിച്ചാൽ, ഇന്ന് മഹാ മാരിയുടെ ക്ളേശമനുഭവിക്കുന്നവർ, ഇടവകയും ആശ്രമവും മഠവും ആശുപത്രിയും ഭക്തസംഘടനകളും മറ്റും തങ്ങളുടെ വേദനയിൽ കൂടെയുണ്ടായിരുന്നു എന്ന് നാളെ സാക്ഷ്യപ്പെടുത്താനിടയാകും.

നമ്മുടെ ഇടവകകളും സ്ഥാപനങ്ങളും സന്ന്യാസസമൂഹങ്ങളും ഭക്ത സംഘടനകളും കാര്യക്ഷമമായി കോവിഡിനെതിരെയും കോവിഡ് രോഗികൾക്കുവേണ്ടിയും അക്ഷീണം പ്രവർത്തിക്കുന്ന കാഴ്ച സന്തോഷം പകരുന്നതാണ്. സാമ്പത്തിക സഹായം, ഫുഡ് കിറ്റ്, മെഡി സിൻ കിറ്റ് എന്നിവയോടൊപ്പം പച്ചക്കറികളും പഴവർഗ്ഗങ്ങളും ദുരിത മനുഭവിക്കുന്നവരിലേക്കെത്തിക്കുന്നതുവഴി നമ്മളും നല്ല സമരിയാ ക്കാരൻ ആയി മാറുകയാണ്. പരസ്നേഹത്താൽ പ്രചോദിതരായി സ്വയം മറന്ന് ഈ രംഗത്ത് നിസ്തുല സേവനം ചെയ്യുന്ന വൈദികർ, സന്ന്യസ്തർ, ആരോഗ്യപ്രവർത്തകർ, വൊളന്റിയേഴ്സ് എന്നിവർക്ക് പുറമെ സാമ്പത്തികമായി സഹായിക്കുന്നവരേയും നന്ദിപൂർവ്വം ദൈവ തിരുമുമ്പിൽ ഓർക്കുന്നു. സർവ്വശക്തനായ ദൈവം നമ്മെ എല്ലാവ രേയും സംരക്ഷിക്കട്ടെയെന്നും തീക്ഷണതയോടെ നന്മ ചെയ്യുവാൻ നമുക്കെല്ലാവർക്കും ശക്തി നൽകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി, എറണാകുളം-അങ്കമാലി അതിരൂപത

Ref: 3471/K-5/KCBC/OL/DS 10.05.2021

# കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കെ.സി.ബി.സി. പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരെ,

"നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട, ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ" (യോഹ. 14:1). തന്റെ പീഡാസഹനത്തെയും മരണത്തെയുംകുറിച്ചു ശിഷ്യന്മാരെ ഈശോ അറിയിച്ചപ്പോൾ അവർ സ്വാഭാവികമായും അസ്വസ്ഥരായി. അപ്പോഴാണു മേൽപറഞ്ഞ തിരുവചനം കർത്താവ് അവരോടു പറഞ്ഞത്. ഒരിക്കൽ ഗലീലി തടാകത്തിലൂടെ ഈശോയും ശിഷ്യന്മാരും യാത്ര ചെയ്തപ്പോൾ കൊടുങ്കാറ്റ് ഉണ്ടായി, വഞ്ചിയിൽ വെള്ളം കയറി, അപകടത്തിലായി എന്നു ഭയപ്പെട്ട ശിഷ്യന്മാർ അടുത്തു ചെന്ന് വഞ്ചിയിൽ ഉറങ്ങുകയായിരുന്ന ഈശോയെ ഉണർത്തി. ഈശോ എഴുന്നേറ്റ് കാറ്റിനെയും തിരകളെയും ശാസിച്ചു. അവ നിലച്ചു; ശാന്തതയുണ്ടായി. അപ്പോൾ അവിടന്നു ചോദിച്ചു: "നിങ്ങളുടെ വിശ്വാസം എവിടെ?" (ലൂക്കാ 8:22-25). മറ്റൊരിക്കൽ കടലിലൂടെ നടന്നുചെന്ന ഈശോയുടെ അടുത്തേക്ക് അവിടന്നു പറഞ്ഞതനുസരിച്ചു നടന്നുവരാൻ ശ്രമിച്ച പത്രോസ് കാറ്റ് ആഞ്ഞടിക്കുന്നതു കണ്ടു ഭയപ്പെട്ട് അവിടത്തോടു നിലവിളിച്ച് പറഞ്ഞു: കർത്താവേ രക്ഷിക്കണേ. ഈശോ കൈനീട്ടി പത്രോസിനെ പിടിച്ചുകൊണ്ട് പറഞ്ഞു: അല്പവിശ്വാസീ, നീ സംശയിച്ചതെന്ത്?

**പ്രാർത്ഥനയുടെ ആവശ്യം**

അപകടസന്ദർഭങ്ങളിൽ ശിഷ്യന്മാരെ രക്ഷിക്കാനെത്തുന്ന ഈശോയെയാണു നാം സുവിശേഷങ്ങളിൽ കാണുന്നത്. മനുഷ്യവംശത്തിനു മുഴുവൻ രക്ഷ നൽകിയ ദൈവപുത്രനാണല്ലോ അവിടന്ന്. വിശ്വാസക്കുറവാണ് അപകടസന്ധികളെ നേരിടാൻ ശിഷ്യന്മാരെ അശക്തരാ

ക്കുന്നതെന്ന് അത്തരം സന്ദർഭങ്ങളിൽ ഈശോ പറയുന്നുണ്ട്. ശിഷ്യന്മാർ നേരിട്ടതിനെക്കാൾ അപകടകരമായ ഒരു സാഹചര്യമാണ ല്ലോ കോവിഡ് 19-ന്റെ പിടിയിലായിരിക്കുന്ന ലോകജനതയുടെ അവസ്ഥ. അതിനാൽ വിശ്വാസത്തോടെ ദൈവത്തിലാശ്രയിച്ചു നാം പ്രവർത്തനനിരതരാകേണ്ട അവസരമാണ് ഈ കോവിഡ്-19 പകർച്ച വ്യാധിയുടെ കാലം. പ്രാർത്ഥനയോടെ ഈ മഹാമാരിയെ പ്രതിരോധി ക്കുവാനുള്ള ദൈവകൃപ നാം സ്വീകരിക്കണം. പ്രാർത്ഥിക്കുവാൻ നമ്മെ പഠിപ്പിച്ചവനാണ് ഈശോ. തന്റെ ഈലോകജീവിതകാലം മുഴുവൻ പിതാവായ ദൈവത്തോട് പ്രാർത്ഥനാപൂർവ്വം ബന്ധപ്പെട്ടു പരിശുദ്ധാ ത്മാവിന്റെ ശക്തി സംഭരിച്ചാണല്ലോ ഈശോ തന്റെ വിമോചനദൗത്യം പൂർത്തീകരിച്ചത്. ഈശോയുടെ ഈ മാതൃകയനുസരിച്ച് എല്ലാ ക്രൈസ്തവരും നിരന്തരമായ പ്രാർത്ഥനയിലൂടെ കോവിഡ് 19-ൽ നിന്നുള്ള മോചനത്തിനായി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രായോഗികതലം**

പ്രാർത്ഥനയോടൊപ്പം നാം ചെയ്യേണ്ട കാര്യങ്ങളുമുണ്ട്. ദൈവത്തോ ടൊപ്പം മനുഷ്യരുടെയിടയിൽ പ്രവർത്തിക്കുന്നവരായ നാം മറ്റുള്ള വർക്കായി നമ്മുടെ കഴിവുകളെയും ദൈവം നമുക്കു നൽകിയിട്ടുള്ള സവിശേഷദാനങ്ങളെയും വിനിയോഗിക്കേണ്ടതുണ്ട്. കോവിഡ് 19-ന്റെ രണ്ടാം തരംഗത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപെടുത്തി ക്കൊള്ളട്ടെ:

1. കോവിഡ് ചികിത്സയ്ക്ക് മിനിമം ഫീസ് മാത്രമേ കത്തോലിക്കാ ആശുപത്രികൾ ഈടാക്കുകയുള്ളൂ എന്ന് ഉറപ്പ് വരുത്തുക.

2. കെ.സി.ബി.സി. കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപന സമിതിയുടെ നേതൃത്വത്തിൽ ടെലെ-മെഡിസിൻ കൺസൾട്ടേഷൻ സംവിധാനവും, ടെലെ-സൈക്കോ - സോഷ്യൽ സേവനവും ഏർ പ്പെടുത്തിയിട്ടുണ്ട്.

3. എല്ലാ രൂപതകളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ

ഏകോപിപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തേണ്ടതും അതുമായി ബന്ധപ്പെടാൻ ആവശ്യമായ ഫോൺ നമ്പരുകൾ ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്.

4. രൂപതാ സമിതികൾ വീടുകളിൽ നിരീക്ഷണത്തിൽ ആയിരിക്കുന്ന കോവിഡ് രോഗികളുടെ ആരോഗ്യ സ്ഥിതി അറിയുന്നതിനും മെച്ചപ്പെടുത്തുന്നതിനും സഹായകരമായ പൾസ് ഓക്സീമീറ്റർ, ഡിജിറ്റൽ തെർമോമീറ്റർ, സ്റ്റീം ഇൻഹേലർ, മാസ്ക്, സാനിറ്റൈസർ എന്നിവ അടങ്ങിയ കിറ്റ് കുറഞ്ഞ നിരക്കിൽ കെസിബിസി കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപന സമിതിയുടെ സഹായത്തോടെ ലഭ്യമാക്കേണ്ടതാണ്.

5. കത്തോലിക്കാ സിസ്റ്റേഴ്സ് ഡോക്ടേഴ്സ് ഫോറത്തിന്റെ ടെലെ-മെഡിസിൻ സേവനം കെ.സി.ബി.സി. കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപന സമിതി വഴി ലഭ്യമാകുന്നതാണ്.

6. കോവിഡ് വ്യാപനം തടയുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാസ്ക് ധരിക്കൽ, രണ്ട് മീറ്റർ അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗിച്ചുള്ള കൈകളുടെ ശുദ്ധീകരണം എന്നിവ കർശനമായി പാലിക്കുക. ഇതോടൊപ്പം പരിസരശുചിത്വവും ഉറപ്പുവരുത്തുക. ഭവനങ്ങളുടെയും ജോലിസ്ഥലങ്ങളുടെയും സാനിറ്റൈസേഷൻ നടത്തുക.

7. ഡോക്ടർമാർ, നഴ്സ്മാർ, മറ്റ് ആരോഗ്യപ്രവർത്തകർ, നിയമപാലകർ എന്നിവരെ ബഹുമാനിക്കുകയും അവരോട് ആത്മാർത്ഥമായി സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുക.

8. കേരളസർക്കാരും കേന്ദ്രസർക്കാരും നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ജീവിതശൈലി ക്രമീകരിക്കുക. രോഗവ്യാപനം തടയാനുള്ള മാർഗങ്ങളും അവലംബിക്കുക.

9. സർക്കാർ നിർദ്ദേശിക്കുന്ന ക്രമീകരണങ്ങൾ അനുസരിച്ച് കഴിയുന്നത്ര വേഗത്തിൽ എല്ലാവരും പ്രതിരോധകുത്തിവയ്പ്പ് സ്വീകരിക്കേണ്ടതാണ്.

10. മാധ്യമങ്ങളുടെ സഹായത്തോടെ കോവിഡ് രോഗികൾക്കു ആശ്വാസം പകരുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

**സഭയുടെ പ്രവർത്തനങ്ങൾ**

കോവിഡ്-19 പ്രതിരോധനത്തിനും കോവിഡ് രോഗികളുടെ ചികിത്സയ്ക്കുമായി കെ. സി. ബി. സി. യുടെ ഹെൽത്ത് കമ്മീഷനും കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കേരള ഘടകവും കേരള സോഷ്യൽ സർവീസ് ഫോറവും സിസ്റ്റർ ഡോക്ടേഴ്സ് ഫോറവും ബന്ധപ്പെട്ട മറ്റ് കത്തോലിക്കാ പ്രസ്ഥാനങ്ങളും സഹകരിച്ച് ആസൂത്രിതമായ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ചും സർക്കാരിൽ നിന്നുള്ള സഹകരണങ്ങൾ സ്വീകരിച്ചുമാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. നമ്മുടെ ആശുപത്രികളെല്ലാം സജീവമായി രംഗത്തുണ്ട്. നമ്മുടെ ആശുപത്രികളുടെ നെറ്റ്വർക്കുകൾ മേഖലാ അടിസ്ഥാനത്തിൽ നേരത്തെതന്നെ രൂപീകരിച്ചു പ്രവർത്തിച്ച് വരുന്നതാണ്. എന്നാൽ കൂടുതൽ സൗകര്യങ്ങളോടെ അവ ഇപ്പോൾ സജ്ജീകരിച്ചിട്ടുമുണ്ട്. മാത്രമല്ല, ഇപ്രകാരമുള്ള മേഖലാ നെറ്റ്വർക്കിൽ എല്ലാ ക്രൈസ്തവ സഭകളുടെയും ഇതരമതസ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടി പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുവാനുള്ള പരിശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. സഭയുടെ ഈവക പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം മാദ്ധ്യമങ്ങളിലൂടെ അറിയിക്കുന്നതാണ്. പി.ഒ.സി. കേന്ദ്രീകൃതമായി ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ കെസിബിസി കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപന സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സമിതിയുമായി ജനങ്ങൾക്കു ബന്ധപ്പെടാവുന്ന ഫോൺ നമ്പറുകൾ ഇവയാണ്: 9072822364, 9072822365, 9072822366, 9072822367, 9072822368, 9072822370,

**ഭയപ്പെടാതിരിക്കാം**

ഈ കത്തിന്റെ ആരംഭത്തിൽ പറഞ്ഞതുപോലെ എല്ലാറ്റിനുമുപരി ദൈവത്തിലാശ്രയിച്ചു നമുക്ക് ഈ മഹാമാരിയെ അതിജീവിക്കുവാൻ

അവിടത്തെ പ്രത്യേകമായ അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കാം. “ഭയപ്പെടേണ്ട, ഞാൻ നിങ്ങളോടുകൂടെ ഉണ്ട്” എന്ന വചനം നമുക്കു ശക്തി പകരട്ടെ. ചരിത്രത്തിൽ സംഭവിച്ചിട്ടുള്ള ഭൂകമ്പങ്ങൾ, പ്രളയ ങ്ങൾ, പകർച്ചവ്യാധികൾ, മറ്റു പ്രകൃതിദുരന്തങ്ങൾ, മഹാമാരികൾ എന്നിവയെ അതിജീവിച്ച മനുഷ്യസമൂഹം ദൈവകൃപയാൽ കോവിഡ്-19 മഹാമാരിയെയും അതിജീവിക്കും. ഇത്തരം ദുരന്തങ്ങളിൽ അനേകരുടെ ജീവഹാനി സംഭവിക്കാറുണ്ട്. വ്യക്തികളുടെ മരണം പോലെ സമൂഹത്തിൽ ഇപ്പോൾ വർദ്ധിച്ചുവരുന്ന മരണങ്ങളെയും വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു മനസിലാക്കാൻ പരിശ്ര മിക്കാം. പരേതരുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കാം. അവരുടെ ബന്ധുമിത്രാദികളെ ആശ്വസിപ്പിക്കാം. പരസ്പരം സഹായവും ആശ്വാസവും ഏറ്റം അധികം ആവശ്യമായിരിക്കുന്ന കാലമാണിത്. സകലത്തെയും ആശീർവദിക്കുന്നവന്റെ അനുഗ്രഹവും സർവത്തെയും സാന്ത്വനപ്പെടുത്തുന്നവന്റെ സമാശ്വാസവും എല്ലാറ്റിലും കൃപ ചൊരിയുന്നവന്റെ കാരുണ്യവും സംരക്ഷണവും നമ്മിലും നമ്മുടെ സമൂഹത്തിലും മനുഷ്യവർഗം മുഴുവനിലും ഉണ്ടായിരിക്കട്ടെ. ദൈവത്തിനു സ്തുതി.

ഈശോയിൽ സസ്നേഹം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
(കെ. സി. ബി. സി. പ്രസിഡന്റ്)

**ബിഷപ്പ് വർഗ്ഗീസ് ചക്കാലയ്ക്കൽ**
(കെ. സി. ബി. സി. വൈസ് പ്രസിഡന്റ്)

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെ.സി.ബി.സി. സെക്രട്ടറി ജനറാൾ

യൗസേപ്പിതാവർഷം – വിചിന്തനങ്ങൾ: 5

## കന്യാവ്രതക്കാരുടെ കാവൽക്കാരനായ വി. യൗസേപ്പ്

*ഫാ. ജോസ് പുതിയേടത്ത്*

വിശുദ്ധ യൗസേപ്പിതാവിന്റെ വിശേഷണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കന്യാവ്രതക്കാരുടെ കാവൽക്കാരൻ എന്ന നാമധേയം. കന്യകയായ മറിയത്തിന്റെ വിരക്ത ഭർത്താവും സംരക്ഷകനും എന്ന നിലയിലാണ് വിശുദ്ധ യൗസേപ്പിതാവിനെ കന്യാവ്രതക്കാരുടെ കാവൽക്കാരനായി സഭ പ്രഖ്യാപിച്ചിരിക്കുന്നത്. കത്തോലിക്കാ തിരുസഭയിലെ ഒരു പ്രധാനപ്പെട്ട വിഭാഗമാണ് ദൈവത്തിനും ദൈവജനത്തിനുമായി ജീവിതം സമർപ്പിച്ചിട്ടുള്ള കന്യാവ്രതം ചെയ്ത സഹോദരിമാരുടെ സമൂഹം. അവർ തങ്ങളുടെ ജീവിത സമർപ്പണത്തോടനുബന്ധിച്ച് എടുക്കുന്ന മൂന്ന് വ്രതങ്ങളിൽ ഒന്ന് കന്യാവ്രതമാണ്. ജീവിതകാലം മുഴുവൻ കന്യകയായി ദൈവത്തിനും ദൈവജനത്തിനുമായി ജീവിച്ചുകൊള്ളാമെന്ന സമർപ്പണമാണിത്. തങ്ങളെതന്നെ പൂർണ്ണമായി ഈശോയ്ക്ക് സമർപ്പിക്കുന്നതിന്റെ അടയാളമായിട്ടാണ് ഈ വ്രതം അവർ സ്വീകരിക്കുന്നത്. ഈയൊരർത്ഥത്തിൽതന്നെയാണ് ഈശോയെ മണവാളനായി അവർ സ്വീകരിക്കുന്നുവെന്നും, ഈശോയുടെ മണവാട്ടികളാണ് സമർപ്പിതർ എന്നും പറയുന്നത്. യേശുവിന്റെ സ്വന്തമാകുവാൻവേണ്ടി തങ്ങൾക്കു സ്വന്തമായിരുന്ന പലതും ഉപേക്ഷിക്കുവാൻ തയ്യാറായവരാണ് കന്യാവ്രതക്കാർ. കന്യകയായ മറിയത്തേയും ദൈവപുത്രനായ ഉണ്ണിയേശുവിനേയും സംരക്ഷിക്കാനും പരിപാലിക്കാനുംവേണ്ടിജീവിതം സമർപ്പിച്ചവനാണ് വിശുദ്ധ യൗസേപ്പിതാവ്. അതുപോലെതന്നെ തന്റെ വളർത്തുപുത്രനായ ഈശോക്കുവേണ്ടി ജീവിതം സമർപ്പിച്ചിരിക്കുന്ന കന്യാവ്രതക്കാരെ സംരക്ഷിക്കാൻ വിശുദ്ധ യൗസേപ്പിതാവ് അതീവ തൽപരനായിരിക്കും.

പരിശുദ്ധ കന്യകാമറിയവുമായുള്ള വിവാഹ നിശ്ചയം നടന്നുകഴിഞ്ഞ സാഹചര്യത്തിലാണ് അവൾ ഗർഭവതിയാണന്ന വിവരം യൗസേപ്പിതാവറിയുന്നത്. ഇതറിഞ്ഞ യൗസേപ്പിതാവ് ചെയ്ത കാര്യമാണ് വിശുദ്ധനെ ഏറ്റവും ശ്രേഷ്ഠനാക്കുന്നത്. അവൻ നീതിമാനാകയാലും

മറിയത്തെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു (മത്താ. 1, 18–19). വിശുദ്ധ യൗസേപ്പിതാവിന്റെ രണ്ടു വലിയ മനോഭാവങ്ങളാണ് ഈ വചനങ്ങളിൽ വ്യക്തമാകുന്നത്. വിശുദ്ധന്റെ നീതിബോധവും മറ്റുള്ളവരെ ഒരു കാരണവശാലും വേദനിപ്പിക്കരുതെന്നുള്ള മനോഭാവവും. ഈ രണ്ടു മനോഭാവങ്ങളാലാണ് മാലാഖ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ദാവീദിന്റെ പുത്രനായ ജോസഫേ, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ നീ ശങ്കിക്കേണ്ട, അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ് എന്നു പറഞ്ഞപ്പോൾ സന്തോഷത്തോടുകൂടി മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ വിശുദ്ധൻ ധൈര്യപ്പെട്ടതും മരണംവരെ മറിയത്തെ ഭാര്യയായി ശുശ്രൂഷിക്കാൻ പ്രേരിപ്പിച്ചതും. ഈയൊരു ദൈവീകരഹസ്യം യൗസേപ്പിതാവ് മരണംവരെ സൂക്ഷിച്ചുവെന്നതും മഹനീയമായ ഒരു മാതൃകതന്നെയാണ്. അങ്ങനെ, പരിശുദ്ധകന്യകാമറിയത്തെ അംഗീകരിച്ചും സ്വീകരിച്ചും സംരക്ഷിച്ചും പരിപാലിച്ച വിശുദ്ധൻ സഭയിലെ കന്യാവ്രതക്കാരേയും ബ്രഹ്മചാരികളേയും തന്റെ മാദ്ധ്യസ്ഥ്യം വഴി സംരക്ഷിക്കുമെന്നതാണ് സഭയുടെ വിശ്വാസം.

വി. കൊച്ചുത്രേസ്യ വി. യൗസേപ്പിതാവിനോട് ഏറെ ഭക്തിപുലർത്തിയിരുന്ന വിശുദ്ധയാണ്. വിശുദ്ധ യൗസേപ്പിതാവ് നൽകുന്ന സംരക്ഷണയെക്കുറിച്ച് വി. കൊച്ചുത്രേസ്യ പറയുന്നതിപ്രകാരമാണ്: ‘‘എന്നെ എപ്പോഴും കാത്തുസംരക്ഷിക്കണമെന്ന് ഞാൻ വി. യൗസേപ്പിതാവിനോട് പ്രാർത്ഥിച്ചു. എന്റെ ശൈശവകാലഘട്ടം മുതൽ വിശുദ്ധനോടുള്ള എന്റെ ഭക്തി പരിശുദ്ധ മറിയവുമായി കൂടികലർന്നതാണ്. കന്യകമാരുടെ പിതാവും സംരക്ഷകനുമായവനേ... എന്ന പ്രാർത്ഥന ഞാൻ എല്ലാ ദിവസവും ചൊല്ലുമായിരുന്നു. അതുവഴി ഞാൻ നന്നായി സംരക്ഷിക്കപ്പെട്ടതായി, എല്ലാവിധ അപകടങ്ങളിൽനിന്ന് പൂർണ്ണമായി സുരക്ഷിതമാക്കപ്പെട്ടതായി, എനിക്ക് തോന്നിയിട്ടുണ്ട്.’’ വിശുദ്ധ കൊച്ചുത്രേസ്യയുടെ ഈ വാക്കുകൾ നമുക്കെല്ലാവർക്കും പ്രത്യേകിച്ച് എല്ലാ കന്യാവ്രതക്കാർക്കും ഏറെ പ്രചോദനകരമാണ്. തന്റെ സംരക്ഷണയ്ക്ക് സ്വയം ഭരമേൽപിക്കുന്ന കന്യാവ്രതക്കാരെ വിശുദ്ധൻ തന്റെ മാദ്ധ്യസ്ഥ്യ ശക്തിവഴി കാത്തുകൊള്ളും എന്നതിനുള്ള തെളിവാണ് ഈ സാക്ഷ്യം. തന്റെ സംരക്ഷണയ്ക്ക് ഏല്പിക്കപ്പെട്ട കന്യകയായ മറിയത്തെ വിശ്വസ്തതയോടെ സംരക്ഷിച്ച വിശുദ്ധൻ നമ്മെയും സംര

ക്ഷിക്കുമെന്ന ബോധ്യത്തോടെ വി. യൗസേപ്പിതാവിന്റെ സൂക്ഷത്തിനും സംരക്ഷണയ്ക്കുമായി സ്വയം സമർപ്പിച്ച് സ്വസ്ഥരായി ജീവിക്കുവാൻ കന്യാവ്രതക്കാരായ എല്ലാവർക്കും ഈയൊരു കാഴ്ചപ്പാട് സഹായകമാകും.

കന്യാവ്രതക്കാരെപോലെതന്നെ ബ്രഹ്മചര്യം സ്വീകരിച്ചവരുടേയും മദ്ധ്യസ്ഥനാണ് വി. യൗസേപ്പിതാവ്. കന്യകാമറിയത്തിന്റെ വിരക്ത ഭർത്താവ് എന്നാണ് കത്തോലിക്ക വിശ്വാസ പാരമ്പര്യത്തിൽ വിശുദ്ധ യൗസേപ്പിതാവ് അറിയപ്പെടുന്നത്. ജീവിതം മുഴുവൻ വിരക്തി പാലിച്ച് വിശുദ്ധിയോടെ ജീവിച്ച വിശുദ്ധനാണ് വിശുദ്ധ യൗസേപ്പിതാവ്. അതിനാൽ, കർത്താവിന് സമർപ്പിതരായ എല്ലാ ബ്രഹ്മചാരികളുടേയുംകൂടി പ്രത്യേക മദ്ധ്യസ്ഥനായി സഭ  വിശുദ്ധ യൗസേപ്പിതാവിനെ വണങ്ങുന്നു. ഈ അർത്ഥത്തിൽ എല്ലാ വൈദികരുടേയും, സിസ്റ്റേഴ്സിന്റേയും, ബ്രദേഴ്സിന്റേയും കൂടി പ്രത്യേക മദ്ധ്യസ്ഥനാണ് വിശുദ്ധ യൗസേപ്പിതാവ്.

ബ്രഹ്മചര്യജീവിതക്കാരും കന്യകാവ്രതക്കാരുമായ സമർപ്പിതർ ഒത്തിരിയേറെ പ്രതികൂലതകൾ നേരിടുന്ന ഒരു കാലഘട്ടമാണിത്. ബ്രഹ്മചര്യ ജീവിതത്തെ അവമാനിക്കുന്നവരുടേയും അവഹേളിക്കുന്നവരുടേയും എണ്ണം കൂടിവരുന്നു. പത്രമാദ്ധ്യമങ്ങളിലൂടേയും സാമൂഹ്യമാദ്ധ്യമങ്ങളിലൂടെയും സഭയുടെ അകത്തുനിന്നും പുറത്തുനിന്നും അവഹേളനങ്ങളും കുറ്റപ്പെടുത്തലുകളും ഏറിവരുന്നു. ബ്രഹ്മചര്യജീവിതക്കാരും കന്യാവ്രതക്കാരും ലോകമോഹങ്ങളുടെ നടുവിൽ ഒത്തിരി പ്രലോഭനങ്ങളെ നേരിടേണ്ടിവരുന്നു. ഈ സാഹചര്യത്തിൽ വിശുദ്ധി പാലിച്ചു ജീവിക്കുവാൻ വളരെയേറെ ധൈര്യവും ശക്തിയും സംരക്ഷണവും ഇക്കൂട്ടർക്ക് ആവശ്യമാണ്. ഈ സാഹചര്യത്തിലാണ് വിശുദ്ധന്റെ മാദ്ധ്യസ്ഥ്യ സഹായം നമ്മൾ കൂടുതലായും തേടേണ്ടത്. വിശുദ്ധ യൗസേപ്പിതാവിന് പ്രത്യേകമാംവിധം പ്രതിഷ്ഠിതമായിരിക്കുന്ന ഈ വർഷത്തിൽ കന്യാവ്രതക്കാരുടെയും ബ്രഹ്മചാരികളുടേയും പ്രത്യേക മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മാതൃക എല്ലാ സമർപ്പിതർക്കും പ്രചോദനമായിരിക്കട്ടെയെന്നും, വിശുദ്ധന്റെ മാദ്ധ്യസ്ഥം എല്ലാവർക്കും കാവലായിരിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.


# ENGAGEMENTS



## George Cardinal Alencherry
**Archbishop**

### JUNE 2021

| | | | |
|---|---|---|---|
| 0 1 - 03 | | K.C.B.C. Meeting | |
| 10 | am | Thamarasserry | Centenary celebration of Msgr. C.J. Varkey |
| 17 | pm | Cherpunkal | KSSF Ruby Jubilee Celebration |



## Archbishop Antony Kariyil
**Vicar of the Major Archbishop**

### JUNE 2021

| | | |
|---|---|---|
| 0 1 - 03 | K.C.B.C. Meeting | |
| 23 | Vadavathoor | Seminary Commission Meeting |

കച്ചേരിക്കാര്യം

# അതിരൂപതാദിനം - ജൂൺ 11 വെള്ളി

നമ്മുടെ അതിരൂപത ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായതിനാൽ, ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി നമുക്ക് വളരെ പ്രധാനപ്പെട്ടതാണ്. നമ്മൾ **അതിരൂപതാദിനമായി** ആചരിക്കുന്നത് തിരുഹൃദയതിരുനാൾ ദിനമാണ്. അതിരൂപതയിലെ ഇടവകകൾക്കും കുടുംബങ്ങൾക്കും അതിരൂപതയ്ക്കു മുഴുവനും ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങളെ പ്രതി അവിടത്തേയ്ക്ക് അതിരൂപത ഒന്നാകെ കൃതജ്ഞത അർപ്പിക്കുന്ന ദിവസം. അതിരൂപതയിലെ മുഴുവൻ ദൈവജനത്തിനും, ഇടവകകൾക്കും, കുടുംബങ്ങൾക്കും, വൈദികർക്കും, സന്ന്യസ്തർക്കും, പിതാക്കന്മാർക്കും വേണ്ടി പ്രാർത്ഥിക്കുന്ന ദിവസം. ഈശോയുടെ തിരുഹൃദയത്തിനു ചേർന്ന ഒരു സഭാസമൂഹമായി വിശ്വാസത്തിലും സ്നേഹത്തിലും ഐക്യത്തിലും ശുശ്രൂഷയിലും കൂടുതൽ പ്രോജ്ജ്വലിക്കുന്ന സാക്ഷ്യമായി നമ്മുടെ അതിരൂപത അനുദിനം വളരുന്നതിനും വേണ്ടി പ്രാർത്ഥിക്കാം.

ഇപ്പോഴത്തെ സാഹചര്യത്തിൽ പള്ളിയിൽ ഒരുമിച്ചുകൂടിയുള്ള പ്രാർത്ഥന സാധ്യമല്ല. എന്നിരുന്നാലും, അന്നേദിവസം നമ്മുടെ പള്ളികളിൽ തിരുഹൃദയസ്തുതിക്കായി വിശുദ്ധ കുർബാന അർപ്പിച്ച് അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് ആരാധനയും തിരുഹൃദയപ്രതിഷ്ഠയും നടത്തുന്നതിനും എല്ലാ ബ. വൈദികരും ശ്രദ്ധിക്കേണ്ടതാണ് (തിരുഹൃദയപ്രതിഷ്ഠാജപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്).

സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം നമ്മുടെ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും അംഗങ്ങൾ എല്ലാവരും തിരുഹൃദയരൂപത്തിന്റെ മുമ്പിൽ ഒരുമിച്ചുകൂടി കുടുംബപ്രതിഷ്ഠാ നവീകരണം നടത്തേണ്ടതാണ്.

അന്നേ ദിവസം എറണാകുളം മേജർ ആർച്ചുബിഷപ്സ് ഹൗസ് ചാപ്പലിൽ **രാവിലെ 6.30**-ന് അർപ്പിക്കുന്ന വി. കുർബാനയും, **വൈകിട്ട് 7.00** മണിക്കുള്ള തിരുമണിക്കൂർ ആരാധനയും അതിരൂപതാ YouTube ചാനൽ വഴി സംപ്രേക്ഷണം ചെയ്യുന്നതാണ്.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

# ഈശോയുടെ തിരുഹൃദയത്തോടുള്ള പ്രതിഷ്ഠാജപം

**(അതിരൂപതയ്ക്കുവേണ്ടിയുള്ളത്)**

ഈശോയുടെ തിരുഹൃദയമേ,/ഞങ്ങളുടെ അതിരൂപതയേയും/അതിരൂപതയിലെ എല്ലാ ഇടവകകളേയും, കുടുംബങ്ങളേയും/അങ്ങയുടെ തിരുഹൃദയത്തിനു ഞങ്ങൾ പ്രതിഷ്ഠിക്കുന്നു./ഞങ്ങളുടെ അതിരൂപതയിൽ/അങ്ങു രാജാവായി വാഴണമേ./ഞങ്ങളുടെ പ്രവൃത്തികളെല്ലാം/അങ്ങുതന്നെ നിയന്ത്രിക്കണമെ./ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം ആശീർവ്വദിക്കുകയും/ഞങ്ങളുടെ പരിശ്രമങ്ങളെ വിജയിപ്പിക്കുകയും ചെയ്യണമെ./ഞങ്ങളുടെ ദുഃഖങ്ങളിൽ ആശ്വാസവും/ആവശ്യങ്ങളിൽ സഹായവും നൽകി/ഞങ്ങളെ അനുഗ്രഹിക്കണമെ./ഞങ്ങളിൽ ആരെങ്കിലും/അങ്ങയെ ഉപദ്രവിപ്പാനിടയായാൽ/ഞങ്ങളോടു ക്ഷമിക്കണമെ. അതിരൂപതയിലെ/എല്ലാ പിതാക്കന്മാരേയും വൈദികരേയും/സമർപ്പിതരേയും അൽമായരേയും/കൃപയിലും സമാധാനത്തിലും/സ്നേഹത്തിലും ഐക്യത്തിലും/കാത്തുകൊള്ളണമെ./അങ്ങയുടെ സ്നേഹാഗ്നിയാൽ/ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കണമെ./അങ്ങയെ കണ്ടാനന്ദിക്കുവാൻ/സ്വർഗ്ഗത്തിലെത്തുന്നതുവരെ/ആത്മീകവും ശാരീരികവുമായ/എല്ലാ ആപത്തുകളിൽനിന്നും/അപകടങ്ങളിൽനിന്നും/എല്ലാവിധ പൈശാചിക ശക്തികളുടെ ഉപദ്രവങ്ങളിൽനിന്നും/ഞങ്ങളെ കാത്തുകൊള്ളണമെ./ആമേൻ.

ഈശോയുടെ തിരുഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
മറിയത്തിന്റെ വിമലഹൃദയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
മാർ യൗസേപ്പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വിശുദ്ധ മാർഗരീത്താ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ,
മാർ തോമാശ്ലീഹായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ,

.....................................................

N.B.: ഈ പ്രതിഷ്ഠാജപം മാസാദ്യവെള്ളിയാഴ്ചകളിൽ നമ്മുടെ അതിരൂപതയിലെ എല്ലാ പള്ളികളിലും വി. കുർബാനയെ തുടർന്ന് ചൊല്ലേണ്ടതാണ്.

## നാമഹേതുകത്തിരുനാൾ

ജൂൺ 13-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷി ക്കുന്ന അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിന് അതിരൂ പതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അന്നേദിവസം അഭിവന്ദ്യ പിതാ വിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

അഭിവന്ദ്യ പിതാവിനെ സന്ദർശിച്ച് ആശംസകൾ നേരുന്നത് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പ്രായോഗികമായിരി ക്കില്ലെന്ന് അറിയിക്കുന്നു.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

---

# വാർത്തകളും വിശേഷങ്ങളും

## പരിശുദ്ധാത്മാവിന്റെ പരിധിക്കുള്ളിലാകുക: ഫ്രാൻസിസ് പാപ്പാ

അനുദിന സമർപ്പണത്തിലൂടെയും യാഥാർത്ഥ്യങ്ങളോടുള്ള സംവാദത്തിലൂടെയുമാണ് സന്യസ്ത ജീവിതം തിരിച്ചറിയുന്നതെന്നും സമർപ്പിത ജീവിതത്തിന് യാഥാർത്ഥ്യങ്ങളുമായുള്ള സംവാദം നഷ്ടമാകുമ്പോൾ അത് വന്ധ്യമായി തീരുന്നുവെന്നും സമർപ്പിതരുടെ ദേശീയവാരത്തോടനുബന്ധിച്ച് നല്കിയ വീഡിയോ സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ പ്രസ്താവിച്ചു.

ചില സന്യാസസമൂഹങ്ങൾ തരിശായതിനു പിന്നിൽ യാഥാർത്ഥ്യങ്ങ ളോടുള്ള സംവാദത്തിന്റെയും ഇടപെടലുകളുടേയും കുറവാണ്. ചില സന്യാസ സ്ഥാപനങ്ങൾ സുരക്ഷിതത്വം മാത്രം നോക്കി ചില പ്രത്യയ ശാസ്ത്രങ്ങൾക്ക് വശംവദരായി വരുത്തുന്ന വീഴ്ചകളിൽ പാപ്പാ ഖേദം

പ്രകടിപ്പിച്ചു. സ്ഥാപക സിദ്ധി സജീവമായി നിലനിർത്തി ചരിത്രത്തിലെ വിവിധ സമയങ്ങളിലും സ്ഥലങ്ങളിലും സന്ദർഭങ്ങളിലും, പരിശുദ്ധാത്മാവിന്റെ പ്രചോദനവുമായുള്ള സംവാദം അതിനെ ചലനാത്മകമാക്കാനും വളർത്താനും ഇടവരുത്തും. ഇതിന് പ്രാർത്ഥനയും വിവേചന ബുദ്ധിയും ആവശ്യമാണ്. അപ്പസ്തോലികമായ ധൈര്യവും സഞ്ചാരവും വിവേചനബുദ്ധിയും പ്രാർത്ഥനയും കൂടാതെ സ്ഥാപകസിദ്ധി നിലനിർത്താൻ കഴിയില്ലെന്ന് ഫ്രാൻസിസ് പാപ്പാ പറഞ്ഞു. പരിധികളെയും അതിർത്തികളെയും പ്രാന്തപ്രദേശങ്ങളെയും ഭയപ്പെടാതിരിക്കുക; കാരണം, അവിടെയാണ് പരിശുദ്ധാത്മാവ് നിങ്ങളോടു സംസാരിക്കുക. പരിശുദ്ധാത്മാവിന്റെ പരിധിക്കുള്ളിലാകാൻ പരിശ്രമിക്കുക എന്ന ആഹ്വാനത്തോടെയാണ് പാപ്പാ തന്റെ വീഡിയോ സന്ദേശം അവസാനിപ്പിച്ചത്.

## ഭാരതമക്കൾക്ക് മാർപാപ്പയുടെ സാന്ത്വനവും പ്രാർത്ഥനയും

ഇന്ത്യയിൽ കോവിഡ് രോഗ സംക്രമണം അതിതീവ്രമാകുകയും മരണ സംഖ്യ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഫ്രാൻസിസ് പാപ്പ തന്റെ പ്രാർത്ഥനയും സാമീപ്യവും ഇന്ത്യൻ ജനതയോട് അറിയിക്കുന്ന ഒരു സന്ദേശം ഇന്ത്യയിലെ കത്തോലിക്കാമെത്രാൻ സംഘത്തിന്റെയും ബോംബെ അതിരൂപതയുടെയും അദ്ധ്യക്ഷനായ കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസിന് അയച്ചു. കോവിഡ് 19 രോഗബാധിതരായ എല്ലാവർക്കും, അവരുടെ കുടുംബങ്ങൾക്കും ഈ രോഗം മൂലം നഷ്ടപ്പെട്ട തങ്ങളുടെ പ്രിയപ്പെട്ടവരെ ഓർത്തു കേഴുന്നവർക്കും ഡോക്ടർമാർ ഉൾപ്പെടെയുള്ള എല്ലാ ആരോഗ്യ പ്രവർത്തകർക്കും സന്നദ്ധ സേവകർക്കും സ്ഥൈര്യവും ശക്തിയും സമാധാനവും ലഭിക്കുന്നതിനുവേണ്ടി പാപ്പാ പ്രാർത്ഥിക്കുന്നതായി സന്ദേശത്തിലുണ്ട്. കോവിഡ് രോഗം മൂലം മരണമടഞ്ഞ വൈദികരും സമർപ്പിതരുമുൾപ്പെടെയുള്ള എല്ലാവരെയും പാപ്പാ ദൈവികകാരുണ്യത്തിന് സമർപ്പിക്കുന്നു. തീവ്രവേദനയുടെതായ ഈ കാലയളവിൽ, ക്രിസ്തുവിന്റെ പെസഹായിലും പുനരുത്ഥാന വാഗ്ദാനത്തിലും ക്രിസ്തു നൽകുന്ന നവജീവനിലുമുള്ള അചഞ്ചല വിശ്വാസത്തിലും നിന്നു ജന്മം കൊള്ളുന്ന പ്രത്യാശ എല്ലാവർക്കും സാന്ത്വനമേകട്ടെയെന്ന് പാപ്പാ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ബ. വൈദികരുടെ വാർഷിക ധ്യാനം 2021

അതിരൂപതാ വൈദികരുടെ വാർഷികധ്യാനം ജൂൺ, ജൂലൈ മാസങ്ങളിൽ രണ്ടു ബാച്ചുകളായി നടത്തുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ആയിട്ടാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| **ബാച്ച് 1** | : | **ജൂൺ 27 മുതൽ ജൂലൈ 02 വരെ** |
| ധ്യാനം നയിക്കുന്നത് | : | **മാർ പ്രിൻസ് പാണേങ്ങാടൻ (അദിലാബാദ് രൂപതാ മെത്രാൻ)** |
| **ബാച്ച് 2** | : | **ജൂലൈ 04 മുതൽ 09 വരെ** |
| ധ്യാനം നയിക്കുന്നത് | : | **റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ OFM. Cap** |

- Zoom App വഴി ദിവസംതോറും മൂന്ന് ധ്യാനപ്രസംഗങ്ങളും, ദിവ്യകാരുണ്യ ആരാധനയും ഉണ്ടായിരിക്കും.

- ഞായറാഴ്ച വൈകിട്ട് 6.30 മണിക്കുള്ള പ്രഭാഷണത്തോടുകൂടി ധ്യാനം ആരംഭിക്കുന്നു. മറ്റു ദിവസങ്ങളിൽ രാവിലെ **10.00** നും, ഉച്ചകഴിഞ്ഞ് **3.00** നും, വൈകിട്ട് **6.30** നും ആയിരിക്കും. വൈകിട്ട് **6.30** നുള്ള പ്രഭാഷണത്തെ തുടർന്ന് ആരാധന.

-. ധ്യാനത്തോടനുബന്ധിച്ച് ചൊല്ലേണ്ട കുർബാനകൾ: **പരേതരായ നമ്മുടെ വന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും വേണ്ടി: 1 ജീവകാരുണ്യപ്രവർത്തനങ്ങൾക്കു വിനിയോഗിക്കുവാൻ: 5 വൈദികക്ഷേമനിധി (PWF) യിലേക്ക്: 12.** പ്രസ്തുത 18 കുർബാനകളും **ഡിസംബർ 31-ാം** തീയതിക്കകം ചൊല്ലിത്തീർത്ത് വിവരം അതിരൂപതാ കച്ചേരിയിൽ അറിയിക്കണം (*അതിരൂപത നിയമ സംഹിത 2009,* പേജ് 44).

-. കുർബാനക്കണക്ക് പരിശോധനയ്ക്കും, കുമ്പസാരാനുവാദ പത്തേന്തി പുതുക്കുന്നതിനും വേണ്ടി അവ **2021 ഡിസംബറിലെ** മാസധ്യാനാവസരത്തിൽ ഫൊറോനകളിൽ ഏല്പിക്കേണ്ടതാണ്.

-. നിശ്ചയിച്ചിരിക്കുന്ന ബാച്ച് മാറി ധ്യാനത്തിൽ സംബന്ധിക്കണമെന്ന് ആഗ്രഹിക്കുന്ന വൈദികർ ആ വിവരം വൈസ് ചാൻസലർ **ബ. ജസ്റ്റിൻ കൈപ്രമ്പാടൻ** അച്ചനെ (9387074502) മുൻകൂട്ടി അറിയിക്കേണ്ടതാണ്.

- അതിരൂപതയിൽ സേവനം ചെയ്യുന്ന സന്ന്യാസവൈദികരുടെ പേരുകൾ ലിസ്റ്റിൽ ചേർത്തിട്ടുണ്ട്. അവരേയും ധ്യാനത്തിൽ സംബന്ധിക്കുവാൻ സ്വാഗതം ചെയ്യുന്നു.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

---

## BATCH I – June 27-July 02
## Mar Prince Panengadan

1. Adayanthrath Martin
2. Ainiyadan Joy
3. Ainiyadan Sebastian
4. Alukkal James
5. Ambooken Paul (Jeny)
6. Arackal Varghese
7. Arambilly Paul (Jismon)
8. Arickal Francis
9. Athappilly Paul
10. Avallil Xavier
11. Bharanikulangara Jose
12. Bharanikulangara Paul (Jino)
13. Chakian Paul
14. Chakiath Joseph
15. Chalissery Anto
16. Channappallil Sebastian
17. Cheerakathil John (Rijo)
18. Cheramthuruthy Anto
19. Cherikathadam Jacob
20. Cherupilly Paul (Shaju)
21. Chethimattam Abraham (Ginu)
22. Chirackal Joseph (Joshy)
23. Chirackal Manavalan Thomas
24. Chirapanath Antony
25. Chittinappilly Paul
26. Chozhithara John (Ulahannan)
27. Chully Paul
28. Edassery Antony (Akhil)
29. Edassery Jose
30. Edassery Martin (Sminto)
31. Edassery Varghese (Baiju) (Jr.)
32. Edassery Varghese (Sr.)
33. Elavumkudy Antony
34. Enchakattumannil Mathew (Jessab)
35. Eravimangalam Antony (Sunny)
36. Gnalian Jacob
37. Kachappilly Dominic
38. Kachappilly Jacob (Vince)
39. Kachirackal Mathew (Martin)
40. Kadappallil James (Anoop)
41. Kaiprampadan Paul (Justin)
42. Kaiprampatt Joseph (Jomon)
43. Kaithakottil Joyce
44. Kakkattu Johnson Jose
45. Kalapparambath Thomas (Joshy)
46. Kalappurackal George (Sunny)
47. Kalappurackal Kuriakose
48. Kalapurackal Joseph (Abin)
49. Kalathiparambil Kuriakose (Juby)
50. Kallarackal Sebastian (Jijo)
51. Kallookaran Antony (Tony)

52. Kallookaran Paul
53. Kallookaran Thomas
54. Kallungal Sebastian (Sen)
55. Kanamkudam George
56. Kandathil Joseph (Biju)
57. Kandathil Thomas (Tomy)
58. Kanjirakattukari Paul
59. Kanjirathinkal Sebastian (Sebin)
60. Kannambilly Thomas (Salvin)
61. Kannampuzha Joseph (Reju)
62. Kannampuzha Peter
63. Kannaparamban Joseph (Saji)
64. Kannattu John (Jibin)
65. Karachira Paul
66. Kareemadom Alex
67. Karthanam Mathew (Jimmichan)
68. Karumathy Joseph
69. Kattakkakathoot Paul
70. Kattakkakathoot Varghese
71. Kattayil Mathew (Denny)
72. Kattezhath Alex
73. Kavalakkatt Paul
74. Kavalippadan Varkey (Jithin)
75. Kidangan Kuriakose (Subin)
76. Kidangen Xavier
77. Kiliyelkudy Paul (Anil) (Sr.)
78. Kilukkan Mathew (Manjul)
79. Kiriyanthan Joe Paul
80. Kizhakkettam Sebastian
81. Kodackal Berchmans
82. Kodiyan Paul Raj
83. Kodiyan Thomas
84. Koikkara Antony (Binto)
85. Kolenchery Paul
86. Koluthuvally Raphael (Jaison)
87. Konattukuzhy Mathew
88. Koottunkal Job
89. Koovely Johnson
90. Koroth Jacob
91. Kottakkal Paul (Jr.)
92. Kozhikkadan Joseph
93. Kozhuvallil Jacob
94. Kumpail Vakkachan (Varghese)
95. Kunnathoor Lukose
96. Kunnel Joseph (Vinu)
97. Kurickavelichira Antony (Jithu)
98. Kurisunkal Kurian
99. Madan Paul
100. Madassery Paul (Jr.)
101. Madassery Sebastian
102. Madathumpady Antony
103. Madavanakad Joseph (Jomon)
104. Maippan Thomas (Ancil)
105. Maliekal Thomas
106. Malpan Rocky (Suresh)
107. Manavalan Joseph
108. Manavalan Paul (K)
109. Manavalan Varghese
110. Manayampilly Sebastian (Sibin)
111. Mangalassery Thomas
112. Mangatt Thomas (Binu)
113. Manickathan Xavier (Dino)
114. Manikathan Devassy
115. Manikathan Sebastian
116. Manjaly Jacob
117. Mankuriyil Antony
118. Maramparambil Joseph (Benny)
119. Marottikudy Hormis (Shaju)
120. Mazhuvanchery Antony
121. Meembamthanathu Stephen (Dibin)
122. Melappelly Joseph (Marshel)
123. Menachery Varghese (Akhil)
124. Moonjely George
125. Moonjely Paul
126. Moonjely Varghese (Sr.)
127. Morely Paul
128. Mulavarickal Joseph (Nelbin)
129. Mullanchira Tom
130. Mynattiparambil Varghese (Rijo)
131. Naduvathusery Antony
132. Nalpat Jose
133. Nangelimalil Antony

134. Nangelimalil Rojan
135. Nariculam Antony Msgr.
136. Nazhiyampara Sebastian
137. Nellissery George
138. Nellissery Jose Paul
139. Nereveettil George
140. Njaliath Tharian
141. Njaliath Varghese Msgr.
142. Njanakkal Augustine (Nideesh)
143. Odanattu Raphael (Amal)
144. Oliapurath Jose
145. Padannakkal Davis (Ajil)
146. Padayattil George (Varkey)
147. Padayattil Paul (Sr.)
148. Padickaparambil Varghese (Savy)
149. Painumkal Issac Damian
150. Painumkal Jose
151. Palackappilly Jacob
152. Palathingal Jose
153. Palatty Joseph (Jr.) (Bijoy)
154. Palatty Joseph (Sr.)
155. Palatty Sebastian
156. Palatty Varghese (Jr.)
157. Palatty Varghese (V)
158. Pallickal Jacob
159. Pallippattu Joseph (Jith)
160. Panatt Xavier (Binoy)
161. Parackal Antony (Subin)
162. Parappuram Joseph
163. Parecattil Joseph
164. Parecattil Paul (Sifil)
165. Parecattil Thomas
166. Parevely Antony
167. Pathadan Joseph (Bibin)
168. Payyappilly George
169. Payyappilly Ignatius
170. Payyappilly Thomas
171. Perepadan Thomas
172. Pereppadan Paulson
173. Perumayan Mathew
174. Perumayan Varghese (Biju)
175. Plackal Joy
176. Pollechira John
177. Poochakkatt Thomas (Jimmy)
178. Poonoly Sebastian (Bineesh)
179. Poothavelithara Varghese
180. Pottackal Varghese (Joshy)
181. Pottoly Sebastian
182. Puduchery Thomas (P)
183. Pulickalan George
184. Punnakkal George (Baby)
185. Punnakkal Varghese
186. Punnassery Antony Msgr.
187. Puthenkudy Joseph
188. Puthenparambil George (Siby)
189. Puthenpurackal Varghese (Sherin)
190. Puthiaparambil Antony
191. Puthussery Augustine (Justin)
192. Puthussery Jacob (Joyson) (Jr.)
193. Puthussery Joseph (M)
194. Puthussery Sebastian (Sajo)
195. Puthuva John
196. Pynadath Thomas
197. Sankoorikal Martin
198. Thachara John (Johnsty)
199. Thachil Joseph (Jr.)
200. Thaiparambil Varghese (Assin)
201. Thalian Sebastian
202. Thaliyath Antony (Lijo)
203. Tharayil Thomas
204. Theckanath Sebastian
205. Thekken John
206. Thekkinen Joseph
207. Thekkumthala Joseph
208. Thelakkat Paul
209. Thelekatt George (Aneesh)
210. Thenayan Augustine
211. Thenayan Paul
212. Thengathara Kuriakose
213. Thettayil Antony (John Paul)
214. Thettayl Jacob (Jeslin)
215. Thottakkara Hormis

216. Thottankara Jophy
217. Thottappilly Sebastian
218. Thottiyil James
219. Thottungal Jetto
220. Thottungal Sebastian
221. Thottupuram John
222. Thuruthikkara James
223. Uppani Jose
224. Urakkadan Antony
225. Urakkadan Sebastian
226. Vadakkan Joseph (Jose)
227. Vadakkumchery Johnson
228. Vadakkumpadan Sebastian (Jr.1)
229. Vadakkumpadan Sebastian Msgr.
230. Vailikodath Jose
231. Valiaveettil Varghese (Arun)
232. Vallooran Johnson
233. Valookkaran Mathew
234. Valookkaran Thomas
235. Varikkattupadam Mathew (Vinil)
236. Vattaparambil Antony (Sinoy)
237. Vattoly Augustine
238. Vazhakkala Antony
239. Vazhaparambil Philip
240. Vazhappilly Sebastian
241. Vellarackal Paul
242. Vembulliyath Martin (Binu)
243. Vithayathil George

..............................................................

244. Aranjanil Paul MSFS
245. Attokkaran Shaiju CMI
246. Chirayath Prince MS
247. Chiriyankandath Babu Joseph
248. Elambasseril Vipin (Thomas) SDB
249. Kallani Jose SAC
250. Kodakkathanathu Shijo VC
251. Kolenchery Naibin CMI
252. Konukunnel Sebastian MCBS
253. Koottungal Varghese SDB
254. Kurisuthara Vipin CMI
255. Maliekkal Sebastian CMI
256. Manimalakunnel Abraham
257. Menachery Antony CMI
258. Panjickal Shijo CMI
259. Parappilly Jaison CMI
260. Plackal Vinod HGN
261. Poovannikunnel Jose CSsR
262. Pullan Varghese SAC
263. Srampickal Francis IScH
264. Thaiparambil Jose CMI
265. Thattathuparambil Rubin
266. Thombiyil Shinto SDV
267. Vadakkepurathan Rinu RCJ
268. Valiyakandathil Jiju MS
269. Villiadath Tony

## BATCH II – July 04-July 09
### Rev. Fr. Joseph Puthenpurackal Ofm

1. Ainiyadan John
2. Alukkal Thomas
3. Alukkal Varghese
4. Ambalathingal Varghese
5. Appadan Antony (Akhil)
6. Athappilly George
7. Attummel Michael
8. Bharanikulangara Augustine
9. Bharanikulangara Kurian
10. Chakian Joseph (Joy)
11. Chakiath Elias (Biju)
12. Chakiath Kuriakose (Joy)
13. Chanikuzhy Jacob
14. Chathely Jose
15. Cheerakathil Thomas (Sinto)
16. Chempothanayil Paul
17. Chenginiyadan Varghese (Jijo)
18. Cheraparambil Varghese
19. Cherpanath Shanly
20. Chillackal Thomas
21. Chirackal Manavalan Joseph (Jiril)

22. Chirackal Xavier (Abin)
23. Chittilappilly Joseph (Melvin)
24. Cholikkara Jose
25. Chulliyil Ignatius
26. Edappulavan Kuriakose (Jipson)
27. Edassery Antony (Darvin)
28. Edassery Joseph (Ebey)
29. Edassery Mathew
30. Elavumkudy Johnson
31. Eraly Mathew
32. Eravimangalam Kuriakose (Jimmy)
33. Inchakkal Celestine
34. Kachappilly George
35. Kachappilly Paul
36. Kadalikkattil Paul (Disto)
37. Kadookunnel John (Sony)
38. Kaiprampadan Paul (Sr.)
39. Kaiprampatt Sebastian
40. Kaithottungal Paul (Paulachan)
41. Kakkattuchira Thomas (Jimmy)
42. Kalapparambath Varghese
43. Kalappurackal Jose Seejo
44. Kalappurackal Sebastian
45. Kalathil Joseph (Babu)
46. Kallarackal Joseph (Joy)
47. Kallely Augustine
48. Kallungal Martin
49. Kandathil Stephen
50. Kaniamparambil Joseph
51. Kanjirakattukari Peter (Saneesh)
52. Kannambilly Joseph (Sanjo)
53. Kannampilly Varghese (Baiju)
54. Kannampuzha Joy
55. Kannampuzha Varghese (Santo)
56. Kannatt Thomas
57. Karachira Jose
58. Karedan Paul
59. Kariyil Thomas
60. Karukanthara Thomas (Julius)
61. Kattakayam Kurian
62. Katteth George
63. Kattuparambil Antony (Linto)
64. Kavalipadan Francis
65. Kelamparambil Job
66. Kidangen Abraham
67. Kiliyelikkudy Paul (Anil)
68. Kilukkan Chacko
69. Kilukkan Thomas (Binto)
70. Kiriyanthan Joseph (Sijo)
71. Kizhavana Chandy (Jacson)
72. Kodiyan Joseph
73. Koikkara Peter (Shabu)
74. Koilparambil George
75. Kolenchery Joy
76. Kollamkudy Rocky
77. Koluthuvellil Joseph
78. Konuparamban Sebastian
79. Koottunkal Sebastian
80. Koren Kuriakose (Saju)
81. Kottakkal Antony (Tony)
82. Kottakkal Paul (Sr.)
83. Kottakkal Tom
84. Kottoor Jos (Freddy)
85. Kozhikkadan Varghese
86. Kozhuvallil Varkey (Sanju)
87. Kunnathoor James (Jimmy)
88. Kunnekkadan Paul (Stenny)
89. Kureeckal Joseph
90. Kurisingal Francis (Nibin)
91. Madan Jose
92. Madappadan Varghese (Geo)
93. Madassery Paul (Sr.)
94. Madathil Joseph (Christy)
95. Madavana Davis
96. Maipan Jose
97. Makkothakkatt Jose
98. Maliyekkal Antony (Tony)
99. Mampilly Varghese (Sabu)
100. Manavalan Mathew
101. Manavalan Tharian (Praveen)
102. Manayampilly Paul

103. Mandanath Jose
104. Mangalath Mathew
105. Manickathan Joseph (Tony)
106. Manikath Varghese
107. Manikathan George
108. Maniparambil Nichlavos
109. Manjaly Sebastian (Sony)
110. Mankuzhikary George
111. Marottikkal Kuruvila
112. Marottikudy Jacob
113. Mazhuvanchery Thomas
114. Mekkanthuruthil Alex
115. Meledath Paul (Jaison)
116. Moonjely Augustine (Anu)
117. Moonjely Joseph (Shanu)
118. Moonjely Varghese (Jr.)
119. Moothedan Antony (Ajo)
120. Mulavarickal Antony (Binoj)
121. Mulavarickal Varghese (Bibin)
122. Mundadan Kuriakose
123. Mundadan Tharian
124. Muttomthotty Mathew
125. Mynatty Hormis
126. Nangelimalil Joseph
127. Nangelimalil Thomas
128. Nariculam Thomas
129. Nellikunnath Zacharias
130. Nellissery Sebastian
131. Njaliath Paul (Jery)
132. Odanat Joseph
133. Oliapurath Abraham (Jijiachan)
134. Ozhalakat Jose
135. Padayattil Chacko (Jinto)
136. Padayattil Paul (Jr.) (Joby)
137. Padayattil Peter (Sajo)
138. Padinjarepallattil Joseph
139. Painumkal John
140. Painumkal Varghese
141. Palamoottil George (Pradeesh)
142. Palathinkal Martin (Jerin)
143. Palatty Stephen (Benny)
144. Palatty Varghese (Sr.)
145. Paliakkara Joseph (Jomon)
146. Pallipatt Joseph (Jinu)
147. Pallupetta Simon
148. Panavelil James
149. Parambathara Vincent
150. Paranilam Zacharias
151. Parappuram Jose
152. Paravara Antony
153. Parecattil Paul (Shiju)
154. Parecattil Sebastian (Benny)
155. Parecattil Varghese (Albin)
156. Paryathara Jose
157. Perepadan James
158. Perumayan Antony Msgr
159. Perumayan Thomas (Joy)
160. Plackal Joseph (Biju)
161. Pollayil Jose
162. Ponthempilly Varghese (Baiju)
163. Poochakat Abraham
164. Poothavelil Antony
165. Pozholiparambil Jacob (Jeff)
166. Pulickal Varghese
167. Punchapudussery Basil
168. Punchapudussery Joseph
169. Punnackal Paul (Pinto)
170. Punnakkal Sebastian (Rajan)
171. Puthenmanayil Kuriakose
172. Puthenpura George
173. Puthenpurakal Shajan
174. Puthiyedath Jose
175. Puthussery Jacob
176. Puthussery Jose (P)

177. Puthussery Joseph (Jesfin)
178. Puthussery Joseph (Joshy)
179. Puthussery Joseph (Sanu)
180. Puthussery Thomas (K)
181. Puthuva Joshy (Antony)
182. Sankoorikal Joseph (Jomon)
183. Sankoorikal Sebastian
184. Thachil Jose (N)
185. Thachil Mathew
186. Thamaravely Joseph
187. Theckanath John
188. Thekkanath Paul (Biju)
189. Thekkinedath Joseph (Petson)
190. Thekkinezhath Varghese (Renson)
191. Thelakkat Jose
192. Thelakkat Xavier (Sr.)
193. Thengathara Jose
194. Therully Thomas (Arun)
195. Thettayil George (Charles)
196. Thiruthanathil Peter
197. Thottakkara Jose
198. Thottiyil Varghese (Lal)
199. Thuruthikkara Gregorious (Jiju)
200. Thyparambil Antony (John)
201. Uthuppan Antony (Shinu)
202. Vadakkumcherry Paily (Lijoy)
203. Vadakkumchery Joseph (Baiju)
204. Vadakkumpadan Sebastian (Jr.2)
205. Vaikathuparambil Thomas
206. Valavi Joseph
207. Vallayil Jose
208. Vanissery Mathew
209. Vattakkara James (Jomish)
210. Vattathara John
211. Vattoly Joseph
212. Veliyil Antony (Riju)
213. Vellattuparambil Varghese (Praveen)
214. Vezhaparambil Joshy
215. Vithayathil Thomas

..........................................................

216. Athazhapadam Mathew (Jomon) CMF
217. Chamakkichirayil JErin CMI
218. Champlanickal Arun SDB
219. Chirepadickal Jaison CMI
220. Choondiyanickal Thomas OFM Cap.
221. Ettiyil Tomy MSsCc
222. Kannampuzha Pathrose (Joshy) MCBS
223. Kodappanamkunnel Sanil SDB
224. Kodiyan Davis SAC
225. Kombanamkunnel Shaiju ALCP/OSS
226. Kooranmanjelikudy Vimal RCJ
227. Kootunkal Jose CMI
228. Madathettu Christy RCJ
229. Manickathan Shelbin Isch
230. Mannezhath Antochan CMI
231. Nedumchalil Romulas VC
232. Ovungamalila Praise IScH
233. Panthiruparayil Thomaskutty CST
234. Parekadan Sinson OFM Cap.
235. Petta Rejo CMI
236. Poonoly Martin CSJBP
237. Pudussery James CMI
238. Purayidam Sebastian VC
239. Thadathil Jinu (Joseph) HGN
240. Tharappel Iphence T. Jose M.Ss.Cc.
241. Thekkoodan Johnson CMI
242. Vadakara Roy
243. Vadakkekkayil Josy CMI
244. Vadakumchery Anoop CMI
245. Velutheppilly Vinu RCJ

* * * * *



# നിര്യാതരായി



## സി. വിൽഫ്രഡ് CMC

എസ്.എച്ച്. കോൺവെന്റ്, കറുകുറ്റി.

ജനനം : 26/02/1928
വ്രതവാഗ്ദാനം : 09/02/1950
മരണം : 22/05/2021



## സി. റൂഫിന CMC

മൗണ്ട് കാർമൽ കോൺവെന്റ്, വൈക്കം.

ജനനം : 16/07/1924
വ്രതവാഗ്ദാനം : 20/02/1947
മരണം : 22/05/2021



## സി. ഫിലിപ്പിനി CMC

മൗണ്ട് കാർമൽ കോൺവെന്റ്, വൈക്കം.

ജനനം : 21/10/1935
വ്രതവാഗ്ദാനം : 01/05/1961
മരണം : 18/05/2021



## സി. ലിറ്റീഷ്യ SABS

(വെറോനിക്ക ഇഞ്ചിപറമ്പിൽ, താന്നിപുഴ)
പ്രൊവിൻഷ്യൽ ഹൗസ്, കളമശ്ശേരി.

ജനനം : 30/11/1939
വ്രതവാഗ്ദാനം : 30/04/1964
മരണം : 20/05/2021

## വിശ്വാസപരിശീലനകേന്ദ്രം

## 2021 – 2022 വിശ്വാസപരിശീലന വർഷാരംഭം

ഫ്രാൻസിസ് മാർപാപ്പ കുടുംബവർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ 2021-2022 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'ക്രിസ്തീയകുടുംബം രക്ഷയുടെ പാതയിൽ' എന്നതാണ്. സ്വർഗ്ഗമാകുന്ന കുടുംബത്തെക്കുറിച്ചും സഭയാകുന്ന കുടുംബത്തെക്കുറിച്ചും നമുക്ക് മാതൃകയായ തിരുക്കുടുംബത്തെക്കുറിച്ചും ഭൂമിയിലെ പറുദീസയായ നമ്മുടെ കുടുംബത്തെക്കുറിച്ചും പഠിക്കുവാനൊരവസരം.

കോവിഡ് മഹാമാരിയുടെയും ലോക്ക്ഡൗണിന്റെയും പശ്ചാത്തലത്തിൽ അതിരൂപത വിശ്വാസപരിശീലനകേന്ദ്രം 'DomusCat' എന്ന പേരിൽ ഇദംപ്രദമമായി തുടക്കമിട്ട ഓൺലൈൻ കാറ്റിക്കിസം ക്ലാസ്സുകളും സൺഡേ ഫാമിലി കാറ്റിക്കിസവും പല കുടുംബങ്ങൾക്കും രൂപതകൾക്കും വിശ്വാസപരിശീലനതലത്തിൽ അതിജീവനത്തിന്റെ നൂതനാനുഭവമായിരുന്നു. ദേവാലയത്തിൽ ഒരുമിച്ചുകൂടി ഔപചാരികമായ വിശ്വാസ പരിശീലന ക്ലാസ്സുകൾ നടത്തികൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നിടത്തോളം വരെയുള്ള ഞായറാഴ്ചകളിൽ DomusCat പദ്ധതിയാണ് അതിരൂപതാ വിശ്വാസ പരിശീലനവിഭാഗം വിഭാവനം ചെയ്തിട്ടുള്ളത്.

സാഹചര്യങ്ങൾ അനുകൂലമാകുന്നതുവരെ ഞായറാഴ്ചകളിൽ കുടുംബങ്ങളിൽ ഒരുമണിക്കൂർ സമയം വിശ്വാസപരിശീലനത്തിനായി മാറ്റിവയ്ക്കാൻ മാതാപിതാക്കൾ മുൻകൈയെടുക്കണം. ഇത് ഞായറാഴ്ചയിലെ കുടുംബത്തിന്റെ തിരുമണിക്കൂർ ആകട്ടെ. വിശ്വാസപരിശീലന ഗാനവും, പ്രാർത്ഥനയും, വചനപ്രതിഷ്ഠയും വായനയും സ്വഭവനങ്ങളിൽ നടത്തുക. ഓൺലൈൻ ക്ലാസ്സ് കൂടുന്നത് മാത്രമല്ല കാറ്റിക്കിസം. പാഠപുസ്തകം വായിക്കണം, പഠിക്കണം. വി. ഗ്രന്ഥം വായിക്കണം. മാതാപിതാക്കളും മക്കളും ഒരുമിച്ചിരുന്ന് വിശ്വാസപരവും കുടുംബപരവുമായ കാര്യങ്ങളെക്കുറിച്ചും ആശയവിനിമയം നടത്താം.

വിശ്വാസപരിശീലന ക്ലാസുകൾക്ക് സഹായകമായ വീഡിയോ ക്ലാസുകൾ catechismernakulam YouTube ചാനലിലും, mediacatechetical ministry YouTube ചാനലിലും ലഭ്യമാക്കുന്നതാണ്. വിവിധ രൂപതകളുടെ സഹായത്തോടെ സീറോമലബാർ കാറ്റിക്കിസം കമ്മീഷൻ തയ്യാറാക്കുന്ന വീഡിയോക്ലാസുകൾ ടി.വി. ചാനലുകൾ (Goodness, Shalom, Shekinah) വഴി സംപ്രേക്ഷണം ചെയ്യുന്നതാണ്.

ഈ വർഷം വീഡിയോക്ലാസുകൾക്ക് പുറമേ, പാഠപുസ്തകം കുട്ടികൾക്കും മാതാപിതാക്കൾക്കും എളുപ്പത്തിൽ മനസിലാക്കുന്നതിനു വേണ്ടി വിശ്വാസപരിശീലനകേന്ദ്രം ഒരു വർക്ക് ബുക്ക് 'The Catechist' (KidCat series-2) തയ്യാറാക്കുന്നുണ്ട്. കുട്ടികൾ സ്വയം വായിച്ച് മനസിലാക്കുന്നതിന് സഹായകമായി ഓരോ അദ്ധ്യായത്തിന്റേയും ഉള്ളടക്കം, മനഃപാഠമാക്കാനുള്ള വചനം, വീഡിയോക്ലാസുകളുടെ രണ്ട് ക്യൂആർ കോഡ്, വർക്ക്ബുക്കിൽതന്നെ പൂരിപ്പിക്കേണ്ട ഒരാക്ടിവിറ്റി, പ്രായോഗികമായി പാഠപുസ്തക അടിസ്ഥാനത്തിൽ ചെയ്യേണ്ട ആക്ടിവിറ്റി, പാഠഭാഗത്തെ ആസ്പദമാക്കിയുള്ള സാധ്യതാചോദ്യങ്ങളും, ഓരോ ക്ലാസ്സിലും പഠിക്കേണ്ട വിശുദ്ധരെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണവും എന്നിവ അടങ്ങിയ പുസ്തകമാണ് 'The Catechist'. ഓരോ ഇടവകയും നൽകിയിരിക്കുന്ന ഓർഡർ അനുസരിച്ച് അനുകൂല സാഹചര്യത്തിൽ ഇത് ഇടവകകളിൽ എത്തിക്കുന്നതാണ്. അതുവരെ, വർക്ക്ബുക്കിലെ ഓരോ അദ്ധ്യായവും PDF ഫയലായി വികാരിയച്ചൻമാർക്കും പ്രധാനാദ്ധ്യാപകർക്കും നൽകുന്നതാണ്. അവർ നിങ്ങൾക്കായി ഇത് ലഭ്യമാക്കുന്നതാണ്.

## പ്രധാനപരിപാടികൾ

1) **ജൂൺ 05, ശനിയാഴ്ച, രാവിലെ 10:00 മണിക്ക്**: കുട്ടികൾക്കായുള്ള ധ്യാനം 'ഉണർവ്വ്' മൂന്ന് വിഭാഗക്കാർക്കായി catechism ernakulam Youtube Channel-ൽ നൽകുന്നതാണ്.
   1-4 ക്ലാസ്സുകാർക്ക് : 'കുഞ്ഞേ, നീ ഒരു അനുഗ്രഹമാണ്'
   5-7 ക്ലാസ്സുകാർക്ക് : 'നീ ഈശോയുടെ സ്വന്തമാണോ?'
   8-12 ക്ലാസ്സുകാർക്ക് : 'നീ ഇപ്പോൾ എവിടെയാ?'
   നയിക്കുന്നത് : റവ. ഫാ. സിജൊ തയ്യാലക്കൽ സിഎംഐ

2) **ജൂൺ 6 ഞായർ, രാവിലെ 9.30-ന്:** വിശ്വാസപരിശീലന ക്ലാസുകൾ ആരംഭിക്കുന്നു.
വി. കുർബാന (ഓൺലൈനിൽ) - റവ. ഫാ. പീറ്റർ കണ്ണമ്പുഴ (catechismernakulam Youtube Channel).
സീറോമലബാർ സഭാതലത്തിലുള്ള ക്ലാസുകൾ TV ചാനലുകളിലൂടെ ലഭ്യമാക്കുന്നതാണ്: Goodness TV 1.30 P.M.; Shalom TV 5.30 P.M. & Shekinah TV 11.30 P.M..

3) **ജൂൺ 12, ശനി - ഏവൻഗെലിയോൻ**
**മെഗാഗോസ്പ്പൽ ക്വിസ്:** അഞ്ചാമത്തെ Episode ആയ Grand Finale (നാല് സുവിശേഷങ്ങളെയും താരതമ്യം ചെയ്തുകൊണ്ടുള്ള Quiz Programme). നാല് സുവിശേഷങ്ങളെ ആഴത്തിൽ അറിയുവാനും പഠിക്കുവാനും സഹായിക്കുന്ന പുതുമകൾ ഏറെയുള്ള ക്വിസ്സ് പ്രോഗ്രാം.

- വിഷയം - നാല് സുവിശേഷങ്ങളും കൂടാതെ കഴിഞ്ഞ നാല് റൗണ്ടുകളിൽ (8 Episode) നിന്നുമുള്ള ഓരോ ചോദ്യവും ഉണ്ടാകും.
- ആകെ 20 ചോദ്യങ്ങൾ. ഉത്തരങ്ങൾ ഗൂഗിൾഫോം വഴിയാണ് നൽകേണ്ടത്.
- catechismernakulam Youtube Channel-ൽ വൈകിട്ട് 8.00 മണിക്ക് ഇത് പ്രക്ഷേപണം ചെയ്യും.
- അഞ്ചു റൗണ്ടുകളിലും കൂടി ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്ന പത്തു വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ!!!
- കൂടുതൽ വ്യക്തികൾ ഉണ്ടെങ്കിൽ നറുക്കെടുപ്പിലൂടെയായിരിക്കും സമ്മാനങ്ങൾ.
- 1-ാം സമ്മാനം 2501 രൂപ * 2-ാം സമ്മാനം 2001 രൂപ * 3-ാം സമ്മാനം 1501 രൂപ. കൂടാതെ,
- നാല് മുതൽ പത്ത് വരെയുള്ള വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ Game of Bible Icons - Link 2.

4) **ജൂലൈ 3 ശനി, ദുക്റാന തിരുനാൾ**
മാർഗ്ഗം 2K21 അതിരൂപതയുടെ ശതോത്തര രജതജൂബിലിയോട് അനുബന്ധിച്ച് നടത്തുന്ന ക്വിസ് പ്രോഗ്രാം (catechismernakulam YouTube Channel)

5) **ലോഗോ ഫലപ്രഖ്യാപനം:** വി. യൗസേപ്പിതാവിന്റെ വർഷവും തിരുക്കുടുംബത്തിന്റെ വർഷവും അടിസ്ഥാനപ്പെടുത്തി അതിരൂപത തലത്തിൽ നടത്തിയ ലോഗോയുടെയും പ്രമേയത്തിന്റെയും ഫലപ്രഖ്യാപനം.

**ഒന്നാം സമ്മാനം:** **Mr. Thomas Varghese Madassery,**
(St. Mary's Forane Church, Mookkannoor)

**രണ്ടാം സമ്മാനം:** **Mr. Limso Poulose Menachery,**
(Christ the King Church, Karukutty)

**മൂന്നാം സമ്മാനം:** **Miss Ann Maria Jose Kalarikkal**
(Mother of Perpetual Succour Church, Chathamma, Thripunithura)

സമ്മാനർഹമായ ഇടവകകൾക്ക്, സർട്ടിഫിക്കറ്റും, ട്രോഫിയും നൽകുന്നതാണ്.

അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഓഫീസ് **Mobile Number: 09400343930.** ഈ നമ്പർ ഉപയോഗിച്ചാണ് അതിരൂപതയിലെ എല്ലാ വൈദീകർക്കും കാറ്റിക്കിസം പ്രധാന അധ്യാപകർക്കും വേണ്ടി WhatsApp - "Broadcast Group" ഉണ്ടാക്കി മെസ്സേജുകൾ അയക്കുന്നത്. ഈ നമ്പർ ഫോണിൽ സേവ് ചെയ്യുമല്ലൊ. മെസ്സേജുകൾ ലഭിക്കുന്നില്ലെങ്കിൽ ഓഫീസ് Mobile Number-ൽ അറിയിക്കുമല്ലൊ. അതിരൂപത കാറ്റിക്കിസം ഓഫീസിൽ നിന്നും അയക്കുന്ന മെസ്സേജുകൾ വ്യക്തിപരമായി ലഭിക്കുവാൻ ഇതു സഹായകമാണ്.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## 7 സോണുകളിൽ സഹൃദയ കൊവിഡ് ഹെൽപ് ഡസ്കുകൾ

എറണാകുളം-ഇടപ്പള്ളി, തൃപ്പൂണിത്തുറ - കിഴക്കമ്പലം, ചേർത്തല - പള്ളിപ്പുറം -വൈക്കം, പറവൂർ, അങ്കമാലി- മൂഴിക്കുളം, കൊരട്ടി - കറുകുറ്റി -മുക്കന്നൂർ, കാഞ്ഞൂർ-വല്ലം- മഞ്ഞപ്ര എന്നിങ്ങനെ ഏഴു സോണുകളിലായി കൊവിഡ് പ്രതിരോധ, അതിജീവന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകുന്നതിനു മായി സഹൃദയ ഹെൽപ്പ് ഡസ്കുകൾ പ്രവർത്തിച്ചു വരുന്നു. ആംബുലൻസ്, ഭക്ഷണം, മരുന്ന്, ടെലി മെഡിസിൻ, കൗൺസിലിംഗ്, കൊവിഡ് മൃതസംസ്കാരം എന്നീ സേവനങ്ങളാണ് ഹെൽപ് ഡസ്കിൽനിന്നു നൽകിവരുന്നത്.

### കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപ

സഹൃദയയുടെ നേതൃത്വത്തിൽ അതിരൂപത നടപ്പാക്കി വരുന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആദ്യ ഗഡുവെന്ന നിലയിൽ അതിരൂപത 10 ലക്ഷം രൂപ നൽകി. അഭിവന്ദ്യ കരിയിൽ പിതാവ്, അതിരൂപതാ ഫിനാൻസ് ഓഫീസർ എന്നിവരിൽ നിന്ന് സഹൃദയ ഡയറക്ടർ ചെക്ക് ഏറ്റുവാങ്ങി.

### സമരിറ്റൻസിന്റെ നേതൃത്വത്തിൽ മൃതസംസ്കാരം

കൊവിഡ് ബാധിച്ചു മരണമടഞ്ഞവരുടെ മൃതസംസ്കാര കർമങ്ങൾ സമരിറ്റൻസിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതു വരെ ഇരുനൂറ്റി അമ്പതിലേറെ സംസ്കാര കർമങ്ങൾക്ക് സമരിറ്റൻസ് നേതൃത്വം നൽകി.

### വിശപ്പകറ്റാൻ മധുരക്കനി

ലോക് ഡൗൺ മൂലം തൊഴിലില്ലാതെയും മറ്റും ബുദ്ധിമുട്ടുന്നവർക്കായി നടുവട്ടം ഇടവകയിൽ നിന്ന് ശേഖരിച്ച കപ്പ, ചക്ക, നേന്ത്രക്കായ തുടങ്ങിയ കാർഷികോത്പന്നങ്ങൾ തണ്ണീർമുക്കം, അച്ചിനകം, ഇടയാഴം, കോക്കമംഗലം, ചെറായി തുടങ്ങിയ ഇടവകകളിലെ കുടുംബങ്ങളിൽ സഹൃദയ എത്തിച്ചു നൽകി.

### അതിഥി തൊഴിലാളികൾക്കായി ഫുഡ് കിറ്റുകൾ

പെരുമ്പാവൂർ, മാവിൻ ചുവട് ഭാഗങ്ങളിൽ താമസിക്കുന്ന അതിഥി തൊഴിലാളി കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകൾ എത്തിച്ചു നൽകി.

### ഹൈജീൻസാമഗ്രികളുടെ വിതരണം

കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ നടത്തുന്ന കൊവിഡ് ട്രീറ്റ്മെന്റ് സെന്ററുകളിലേക്ക് ആവശ്യമായ മാസ്കുകൾ, ഹാൻഡ് വാഷ്, സാനിറ്റൈസർ തുടങ്ങിയ ഹൈജീൻ സാമഗ്രികൾ സഹൃദയ നഗരസഭാ മേയർക്കു കൈമാറി. കൊച്ചി വാത്തുരുത്തി പ്രദേശത്തെ അതിഥി തൊഴിലാളി കുടുംബങ്ങൾക്ക് ഹൈജീൻ വസ്തുക്കൾ എത്തിച്ചു നൽകി. കൊച്ചി സിറ്റി പൊലീസ് ഉദ്യോഗസ്ഥർക്കുള്ള ഹൈജീൻ സാമഗ്രികൾ പൊലീസ് അധികൃതർ സഹൃദയയിൽ നിന്ന് ഏറ്റുവാങ്ങി.

### കടൽക്ഷോഭത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ

ചെല്ലാനം, ഒറ്റമശേരി പ്രദേശങ്ങളിൽ കടൽകയറ്റത്തെ പ്രതിരോധിക്കാൻ പ്ലാസ്റ്റിക്ക് ചാക്ക് ചലഞ്ചു വഴി ചാക്കുകളെത്തിച്ചു. മണ്ണ് നിറച്ച് കടൽഭിത്തിയില്ലാത്തിടങ്ങളിൽ സ്ഥാപിച്ച് കടൽക്ഷോഭത്തെ പ്രതിരോധിക്കുന്നതിനായി കഴിഞ്ഞ വർഷം ചെല്ലാനം മേഖലയിൽ ഒന്നര ലക്ഷം ചാക്കുകൾ സഹൃദയ എത്തിച്ചു നൽകിയിരുന്നു. ചെല്ലാനം മേഖലയിൽ ഭക്ഷ്യ കിറ്റുകളും നൽകി. കടമക്കുടി ഇടവകയിൽ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു.

### തെരുവുകളിൽ ഭക്ഷണ വിതരണം

ലോക് ഡൗണിൽ വിശപ്പകറ്റാൻ ബുദ്ധിമുട്ടുന്ന കൊച്ചി നഗര തെരുവുകളിൽ കഴിയുന്നവർക്ക് സിറ്റി പൊലീസിന്റെ സഹകരണത്തോടെ ഭക്ഷണം നൽകി വരുന്നു. ദിവസേന ഇരുന്നൂറോളം പേർക്കാണ് ഭക്ഷണം നൽകുന്നത്.

### യോഗ ശ്വസന തെറാപ്പി

കൊവിഡ് മൂലം ശ്വാസതടസം ഉണ്ടാകാതിരിക്കാനും കൊവിഡ് രോഗമുക്തരിൽ കണ്ടുവരുന്ന ശ്വസന തടസം ഒഴിവാക്കാനുമായി സഹൃദയ ആത്മയോഗ അക്കാദമിയുടെ നേതൃത്വത്തിൽ ഓൺലൈനായി ശ്വസന വ്യായാമ പരിശീലനം സംഘടിപ്പിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2021 June - July

### Marriage Orientation Programme (MOP) (Online)

| June | | July | | |
|---|---|---|---|---|
| 04-05 | 18-19 | 09-10 | 20-21 | 30-31 |
| 11-12 | 25-26 | 16-17 | 23-24 | |

| | |
|---|---|
| **Baby Shine Retreat** | June 04-06 |
| **Baby Shine Retreat (Mandya Diocese)** | June 25-27 |
| **Parenting Retreat** | June 11-13 |
| **Couples Retreat** | June 18-20 |
| **Anuyathra (Seminar for New Couples)** | June 19 |
| **Family Hour** | June 05 – Grace Ripples<br>June 26 – MCC |
| **Judith Forum Webinar** | June 27 |

കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ മാനസിക വൈകാരിക പ്രശ്നങ്ങളെ അതിജീവിക്കാൻ ഫാമിലി അപ്പസ്തോലേറ്റിന്റെ സേവനം 24 മണിക്കൂറും ലഭ്യമാണ്. Contact No.: 9446559366, 9495950055

**അന്താരാഷ്ട്ര വിധവാദിനം**

അന്താരാഷ്ട്ര 'വിധവാദിന' ത്തോടനുബന്ധിച്ച് അതിരൂപതാ കുടുംബ പ്രേഷിത കേന്ദ്രത്തിന്റെ നേതൃത്വത്തിലുള്ള യൂദിത്ത് ഫോറം വിധവകൾക്കായി വെബിനാർ സംഘടിപ്പിക്കുന്നു. 'പ്രകാശിത വൈധവ്യം പ്രശോഭിത സമൂഹത്തിന്' എന്ന വിഷയത്തെ ആസ്പദ

മാക്കി 2021 ജൂൺ 27 ഞായറാഴ്ച 6.00 pm മുതൽ 8.30 pm വരെ Zoom-YouTube (Jeevalaya Family Vision) പ്ലാറ്റ്ഫോമുകളിലൂടെ വെബിനാർ നടത്തപ്പെടുന്നു.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**മെയ് 2021**

3 ജോർജ് ആലഞ്ചേരി പിതാവ് വിശ്വാസപരിശീലനത്തിന്റെ അധ്യയനവർഷ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ചു.

5 ജോർജ് ആലഞ്ചേരി പിതാവ്, പി. ഒ. സി. യുടെ കാര്യാലോചന സമിതിയുടെയും ഭരണസമിതിയുടെയും ഓൺലൈൻ യോഗങ്ങളിൽ പങ്കെടുത്തു.

6 ജോർജ് ആലഞ്ചേരി പിതാവ് ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രപ്പോലീത്തായുടെ ചരമശുശ്രൂഷയിൽ പങ്കെടുത്തു പ്രാർത്ഥിച്ചു. ആരാധനക്രമസമിതിയുടെ പ്രത്യേക യോഗത്തിൽ പങ്കെടുത്തു.

7 ജോർജ് ആലഞ്ചേരി പിതാവ്, വിവിധ രാജ്യങ്ങളിലെ വൈദികർ നടത്തിയ ജപമാലയജ്ഞത്തിന് ഓൺലൈനിലൂടെ സന്ദേശം നൽകി.

8 ജോർജ് ആലഞ്ചേരി പിതാവ്, CHAI, KCBC എന്നീ സംഘടനകളുടെ നേതൃത്വത്തിൽ നടത്തിയ കോവിഡ്-19 പ്രതിരോധ മാർഗങ്ങളെക്കുറിച്ചുള്ള ഓൺലൈൻ ചർച്ചയിൽ പങ്കെടുത്തു.

10 ജോർജ് ആലഞ്ചേരി പിതാവ്, CHAI അംഗങ്ങളുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

11 ജോർജ് ആലഞ്ചേരി പിതാവ് വടവതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് രാവിലെ വെണ്ണലയിൽ ബ. ജെസാബ് ഇഞ്ചക്കാട്ടുമണ്ണിൽ അച്ചന്റെ വന്ദ്യപിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

12 ജോർജ് ആലഞ്ചേരി പിതാവ് പെർമനെന്റ് സിനഡിൽ പങ്കെടുത്തു. എൽ. ആർ. സി-യുടെ ചരിത്ര കമ്മിറ്റിയോഗത്തിൽ പങ്കെടുത്തു. YMCA യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മാർ ക്രിസോസ്റ്റം വലിയ മെത്രപ്പോലീത്തായുടെ അനുസ്മരണ യോഗത്തിൽ പങ്കെടുത്തു.

13 ജോർജ് ആലഞ്ചേരി പിതാവ് ആരാധനക്രമ സമിതിയുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് രാവിലെ എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ സഹൃദയ സോഷ്യൽ സർവീസസിന്റെ നേതൃത്വത്തിൽ ആരംഭിച്ച കോവിഡ് ഹെൽപ് ഡെസ്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

14 ജോർജ് ആലഞ്ചേരി പിതാവ് ഗ്ലോറിയ ന്യൂസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ അനുസ്മരണ യോഗത്തിൽ ഓൺലൈനായി പങ്കെടുത്തു.

16 ജോർജ് ആലഞ്ചേരി പിതാവ് LRC -യുടെ വെബിനാറിൽ പങ്കെടുത്തു.

17 ജോർജ് ആലഞ്ചേരി പിതാവ് സത്നാ സെന്റ് എഫ്രേം സെമിനാരിയുടെ മെത്രാൻ കമ്മീഷന്റേയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റേയും യോഗത്തിൽ പങ്കെടുത്തു.

18 ജോർജ് ആലഞ്ചേരി പിതാവ് ആരാധനക്രമ സമിതിയുടെ യോഗത്തിൽ ഓൺലൈനായി പങ്കെടുത്തു.

19 ജോർജ് ആലഞ്ചേരി പിതാവ് കെ. സി. ബി. സി. ജാഗ്രതാ സമിതിയുടെ യോഗത്തിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് രാവിലെ തുറവൂരിൽ ബ. അനു മൂഞ്ഞേലി അച്ചന്റെ വന്ദ്യ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 ജോർജ് ആലഞ്ചേരി പിതാവ്, കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയുടെ മെത്രാൻ സമിതിയുടേയും ഉന്നത വിദ്യാഭ്യാസ സമിതിയുടേയും യോഗത്തിൽ പങ്കെടുത്തു.

* * * * *

# സഹൃദയ കരുതൽ 2021















Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.06.2021

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM




*Glorious Saint Joseph, spouse of the immaculate Virgin, obtain for me a pure, humble, charitable mind, and perfect resignation to the divine Will. Be my guide, my father, and my model through life that I may merit to die as you did in the arms of Jesus and Mary. Amen.*

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam, Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and Printed at Viani Printings, Viani Buildings, No. XXXIX/1524, Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Fr. Varghese Perumayan